Reg: No K. 81

തൊഴിലാളി

Founder Father Vadakkan : : Managing Editor B. Wellington B A

വാല്യം 12 | ലക്കം 120 | 1965 മേയ് 7 വെള്ളി | തൃശ്ശൂർ | വില 7 പൈസ | പേജ് 4

'തൊഴിലാളി' വരിസംഖ്യ നിരക്ക്

വാർഷിക വരിസംഖ്യ

	പോസ്റ്റ് വഴി	പോസ്റ്റ് വഴി
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്പതിപ്പ് മാത്രം		2_10
ഒറ്റപ്രതി	0_07	0_10

മാനേജർ.

അവരുടെ 'വിപ്ലവം' അലിഞ്ഞുപോയി

(പി. ടി. ഐ.) ഹൈദ്രബാദ്, മേയ് 6

ഇടതുപക്ഷ കമ്മ്യൂണിസ്റ്റുപാർട്ടിയുമായി തങ്ങൾക്കുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിക്കുന്നതായി എസ്. ഗവണ്ണെടിനെ അറിയിച്ചതിനെ തുടർന്ന് എസ്. വി. പാപാറാവു, വി. ദശരഥറാവു എന്നീ രണ്ട് ഇടതു കമ്മ്യൂ: പാർലമെന്ററികളെ വിട്ടയച്ചിരിക്കുന്നു. ഇതോടെ ആന്ധ്രയിൽ ജയിൽ മുറന്ന് വിട്ട കമ്മ്യൂണിസ്റ്റുകാരുടെ സംഖ്യ എഴുപതായി.

കേരളത്തിലെ ജനാധിപത്യം കേന്ദ്ര ഗവ: തകർത്തു

പ്രസിഡണ്ട് ഭരണം ഏർപ്പെടുത്തിയതിനെ രൂക്ഷമായി വിമർശിക്കുന്നു

കേരളകാര്യം ലോകസഭയിൽ

(പി: ടി. ഐ.) ന്യൂഡെൽഹി മെയ് 6

കേരളത്തിൽ പ്രസിഡണ്ട് ഭരണം ഏർപ്പെടുത്തിയതിനു് അംഗീകാരം ആവശ്യപ്പെട്ടുകൊണ്ടുള്ള ഗവൺമെണ്ടിന്റെ പ്രമേയം ലോക്സഭ ഇന്നു് ചർച്ചയ്ക്കെടുത്തു.

കേരളനിയമസഭയുടെ നിയമനിർമ്മാണാധികാരം രാഷ്ട്രപതിയിൽ നിക്ഷിപ്തമാക്കണമെന്നാവശ്യപ്പെടുന്ന ഒരു ബില്ലും ഇതോടൊപ്പം പരിഗണനയ്ക്കു സമർപ്പിക്കപ്പെട്ടു.

സംസ്ഥാനത്തു് ഒരാറുമാസത്തേയ്ക്കുകൂടി ഗവർണർ നടത്തിയ ശുപാർശകളും അതിനെ തുടർന്നു് പ്രസിഡണ്ടു ഭരണം പ്രഖ്യാപിക്കപ്പെട്ടതുമെല്ലാം പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ഇന്നു രാജ്യസഭയിൽ വിവരിച്ചു.

സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾക്കു് അവിടത്തെ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി ഗവണ്മെണ്ടു് പരമാവധി ശ്രമിക്കുമെന്നു് പ്രധാനമന്ത്രി സഭയ്ക്കു് ഉറപ്പു നല്കി. സംസ്ഥാനത്തെ വിവിധ വികസനപദ്ധതികളുടെ പുരോഗതി തൃപ്തികരമാണെന്നും ഗവർണർ കമ്മീഷന്റെ ശുപാർശകൾ ഉടനെ നടപ്പിലാക്കുമെന്നും അവർ പറഞ്ഞു.

45 പാർലമെൻറംഗങ്ങൾ അടങ്ങിയ ഒരു ഉപദേശകസമിതിയുടെ ശുപാർശകളും ഈ ബില്ലിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. കേരളത്തിൽനിന്നുള്ള എല്ലാ എം. പി. മാരും ഇതിൽ ഉണ്ടായിരിക്കും.

പ്രമേയത്തെ [illegible] എതിർത്തുകൊണ്ടുള്ള ഭേദഗതികൾ അവതരിപ്പിക്കാൻ മധുലിമായേ, പി. കെ. വാസുദേവൻനായർ, കെ. കെ. വാര്യർ എന്നിവർ ഒരു വിഫലശ്രമം നടത്തി, പട്ടങ്ങളനുസരിച്ചു് ഒരു എതിർപ്രമേയം അവതരിപ്പിക്കാൻ പാടില്ലെന്നു് സ്പീക്കർ പറഞ്ഞു.

പ്രൊ. രൂക ഗവണ്മെണ്ടിന്റെ പ്രമേയത്തെ ശക്തിയായി ഏതിർത്തു. കേരളത്തിൽ ഒരു ജനകീയ ഗവണ്മെണ്ടു് അധികാരത്തിൽ വരാതിരിക്കാൻകേന്ദ്രം ശ്രദ്ധപൂർവ്വം ലോപനടത്തിയെന്നു് അദ്ദേഹം ആരോപണം നടത്തി. ഗവണ്മെണ്ടു് ജനാധിപത്യത്തെ 'കൂട്ടത്തൽ കൂട്ടത്തൽസംസ്ഥാനങ്ങളിൽ' തകർക്കുകയാണു്. ജനാധിപത്യത്തെ സംരക്ഷിക്കണമെന്നു് ആകാംക്ഷയുണ്ടായിരുന്നുവെങ്കിൽ സി.പി.എസ്. സമുദായംപോലെയുള്ള മറേറതെങ്കിലും പോംവഴി പരീക്ഷിച്ചുനോക്കുമായിരുന്നു. രാജ്യത്തെ ഒരു പ്രമുഖ സംസ്ഥാനത്തു് ജനാധിപത്യം തകർന്നുവെന്നു് ഈ പ്രമേയം സമ്മതിച്ചിരിക്കയാണു്.

ഇടതുപക്ഷകമ്മ്യൂണിസ്റ്റുകളെ അറസ്റ്റുചെയ്തതു അവരുടെ ഉന്നത നേതാക്കളിൽ ചിലരെങ്കിലും അഭിപ്രായം പറയുവാനുള്ള സ്വാതന്ത്ര്യമനുവദിച്ചിരുന്നതുകൊണ്ടാണെന്നു് രൂക പറഞ്ഞു. കേരള ജനത ഈ വെല്ലുവിളിക്കു് മറുപടി നൽകിയപ്പോൾ, അല്പമെങ്കിലും അന്തസ്സുണ്ടായിരുന്നുവെങ്കിൽ ഈ ഗവണ്മെണ്ടു് രാജിവെയ്ക്കേണ്ടതായിരുന്നു.

തെരഞ്ഞെടുപ്പു് ഫലപ്രഖ്യാപനം കഴിഞ്ഞയുടനെ ദുരിപക്ഷക്കക്ഷി നേതാവിനു് ഗവണ്മെണ്ടു് രൂപീകരിക്കാൻ ഒരവസരമുണ്ടാക്കിക്കൊടുക്കേണ്ടതു് ഗവണ്മെണ്ടിന്റെ കർത്തവ്യമായിരുന്നു. ഒരു വിശ്വാസവോട്ടു് നേടാൻ അവർക്കു് സാധിക്കാതെവന്നപ്പോഴാണു് അവരെ ഡിസ്മിസ്സു് ചെയ്യുമായിരുന്നതു. രാജ്യത്തോടുള്ള കടമനിർവഹിക്കുന്നതിൽ ഗവണ്മെണ്ടു് ഗുരുതരമായ പരാജയപ്പെട്ടു. കോൺഗ്രസ്പാർട്ടിയോടു് മൃദുസമീപനത്തിനായിരുന്നു ഗിരിയുടെ ശ്രമം.

മന്ത്രി മണിയങ്ങാടൻ പ്രമേയത്തെ അനുകൂലിച്ചു. തെരഞ്ഞെടുപ്പിനുശേഷം സംജാതമായ സാഹചര്യങ്ങളിൽ പ്രസിഡണ്ടു് ഭരണമല്ലാതെ മറെറാരു പോംവഴിയുമില്ലായിരുന്നുവെന്നു് അദ്ദേഹം പറഞ്ഞു.

....

കച്ചിൽനിന്നും മുസ്ലീമുകളെ ഒഴിവാക്കുന്നുവെന്നു്

[പി ടി ഐ] കറാച്ചി മെ. 6

കച്ചു് അതിർത്തിപ്രദേശത്തുനിന്നും മുസ്ലീമുകളെ ഒഴിക്കുന്നതിനായി ഒരു പുതിയ സംരംഭം നടക്കുന്നുവെന്നു് അവകാശപ്പെട്ടുകൊണ്ടു് പാക്കിസ്ഥാൻ ഇന്തിയിൽ ഇന്ത്യയോടു് പ്രതിഷേധിച്ചിരിക്കുന്നതായി ഗവണ്മെണ്ടിന്റെ ഒരു പ്രസ്താവനയിൽ പറയുന്നു.

അതിർത്തിയിലെ ആയിരത്തോളം പാക്കിസ്ഥാനികളെ കഴിഞ്ഞമാസം വളഞ്ഞവെച്ചു് പാക്കിസ്ഥാനിലേക്കു് കടത്തിവിട്ടുവെന്ന ഇന്ത്യൻ പത്രറിപ്പോർട്ടുകളെ ഉദ്ധരിച്ചുകൊണ്ടുള്ള ഒരു കുറിപ്പു് ഇന്ത്യാ ഗവണ്മെണ്ടിനു നൽകിയിട്ടുള്ളതായി പ്രസ്താവനയിൽ അറിയിച്ചു.

....

കേരളത്തിൽ പ്രാദേശിക സൂനഹദോസു് വേണം

(സ്വ. ലേ.) കല്ലേറുക്കര മെ. 5

ഇവിടെവച്ചു നടന്ന തൃശ്ശൂർ രൂപതാ കാത്തലിക്ക് പ്രേമർ അസോസിയേഷന്റെ 7_ാം വാർഷിക കൺവെൻഷനോടനുബന്ധിച്ചു്. എറണാകുളം അതിരൂപതാ പ്രൊ. വികാരി ജനറാൾ റൈറ്റ്. റവ. മോൺ. ജോർജ്ജ് കവലക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമാപനസമ്മേളനം രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പര്യവസാനത്തിനുശേഷം ഈ സൂനഹദോസിന്റെ പഠനങ്ങൾ വ്യക്തമായി ജനങ്ങളെ പഠിപ്പിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും അങ്ങനെ കേരളസഭയിൽ ഒരു നവീകരണവും ഉണർവും കൈവരുത്തുന്നതിനും വേണ്ടി കേരളത്തിൽ ഒരു പ്രാദേശികസൂനഹദോസു് വിളിച്ചുകൂട്ടണമെന്നു് കേരളത്തിലെ വൈദികമേലധ്യക്ഷന്മാരോടും മറെറ സഭാധികാരികളോടും ഒരു പ്രമേയംമൂലം അഭ്യർത്ഥിച്ചിരിക്കുന്നു.

റാൺ ഓഫ് കച്ചിൽ

യുദ്ധം നിർത്തിവെച്ചിരിക്കുകയാണെന്നു് വിൽസൻ

(രോയിട്ടർ) ലണ്ടൻ, മേയ് 6

വെടിനിർത്തലിനേറെയും തക്കത്തിനു് ഒരു തീരുമാനമുണ്ടാക്കുകയെന്നതിനേറെയും പ്രാഥമിക നടപടിയെന്ന നിലയിൽ, റാൺ ഓഫ് കച്ചിൽ ഇന്ത്യയും പാകിസ്ഥാനുംതമ്മിൽ നടക്കുന്ന യുദ്ധം നിർത്തിവച്ചിട്ടുള്ളതായിവിശ്വസിക്കുന്നതിനു് മതിയായ കാരണങ്ങളുണ്ടെന്നു് പ്രധാനമന്ത്രി ഹാരോൾഡ് വിൽസൻ ബ്രിട്ടീഷ് പാർലമെൻറിൽ പ്രസ്താവിച്ചിരിക്കുന്നു.

ഇന്ത്യയിലെയുണ്ടായ സംഭവവികാസങ്ങളുടെ ഉത്തരവാദിത്തത്തെപ്പറ്റി എതെങ്കിലും അഭിപ്രായം പറയുവാനുള്ള സ്ഥിതിയിലല്ല താനിപ്പോൾ നിൽക്കുന്നതെന്നു അദ്ദേഹം പറഞ്ഞു. രണ്ടു കോമൺവെൽത്തുരാഷ്ട്രങ്ങൾ തമ്മിൽ യുദ്ധം നടക്കുന്നുവെന്നതിലുപരി യുദ്ധത്തിന്റെ അപകടം വ്യാപിക്കുന്നതിലും തനിക്കു് അഗാധമായ ഉൽക്കണ്ഠയുണ്ടു്.

ബ്രിട്ടീഷ് ഗവണ്മെണ്ടിന്റെ അഗാധമായ ഉൽക്കണ്ഠ ഇരുഗവണ്മെണ്ടുകളേയും അറിയിക്കുവാൻ അതാതു സ്ഥലങ്ങളിലെ ബ്രൈക്കമ്മീഷണർമാരെ ഏപ്രിൽ 26 ാംതീയതി അധികാരപ്പെടുത്തുകയുണ്ടായെന്നും വിൽസൻ പറഞ്ഞു. ഒരു വെടിനിർത്തൽ അടുത്തുതന്നെ ഉണ്ടാകുമെന്നു അദ്ദേഹം പ്രത്യാശിക്കുകയും യുദ്ധം പരിഹരിക്കുന്നതിനു് ഏതുവിധത്തിലും സഹായിക്കുന്നതിനുള്ള ബ്രിട്ടന്റെ സന്നദ്ധത അദ്ദേഹം പ്രകടിപ്പിക്കുകയും ചെയ്തു.

സിയാറേറാ കമ്യൂണിക്കെ

കമ്യൂ: ആക്രമണം തീരുംവരെ വിയറ്റ്നാമിൽ പ്രതിരോധം തുടരണം

[രോയിട്ടർ] ലണ്ടൻ, മെ 6

വിയറ്റ്നാമിലെ കമ്യൂണിസ്റ്റ് ആക്രമണത്തിനു് ഒരവസാനമുണ്ടാകുന്നതുവരെ, ദൃഢതരമായ പ്രതിരോധ പ്രവർത്തനങ്ങൾ തുടരണമെന്നു് നിയോഗിതരായ മന്ത്രിതല കൌൺസിൽ ഇന്നലെ രാത്രി പുറപ്പെടുവിച്ചിരിക്കുന്ന ഒരു കമ്യൂണിക്കെയിൽ പറയുന്നു.

ദക്ഷിണപൂർവ്വേഷ്യൻ പ്രദേശത്തെസ്സംബന്ധിച്ചു് അമേരിക്കയോടു് വിയോജിപ്പുള്ളതിനാലാണു് ഫ്രാൻസ് ഈ നടപടി സ്വീകരിച്ചതു്. കമ്യൂണിക്കെയിൽ പരിപൂർണ്ണമായും യോജിക്കുന്നതു്, ആസ്ട്രേലിയ, ബ്രിട്ടൻ, ന്യൂസിലണ്ടു്, ഥായ്ലണ്ടു്, ഫിലിപ്പൈൻഡ്, തായ്ലണ്ടു്, അമേരിക്ക എന്നീ രാഷ്ട്രങ്ങളാണു്.

തായ്ലണ്ടിനെതിരായി രാജ്യത്തിനുപുറത്തുനിന്നും വലിച്ചുകൊണ്ടിരിക്കുന്ന കമ്യൂണിസ്റ്റ് അട്ടിമറിസമ്മേളനംഇന്നും കണക്കിലെടുത്തുതന്നെ പൂർവ്വഭാഗത്തുനിന്നാണു് ഈ ഭീഷണി കാര്യമായും ഉയർന്നിട്ടുള്ളതു്. തങ്ങളുടെ സ്വാധ്യരാഷ്ട്രത്തിനു്, ഈ ഭീഷണിനേരിടുന്നതിനായി ആവശ്യമായ എന്തുസഹായവും ചെയ്യുകയുക്തമാണെന്നു് കൌൺസിൽമെമ്പർമാർ പ്രസ്താവിച്ചതായി കമ്യൂണിക്കേ പ്രഖ്യാപിച്ചു.

1954, 1962 എന്നീ വർഷങ്ങളിലായിട്ടുള്ള ജനീവാകരാർ കമ്യൂണിസ്റ്റ് അക്രമികൾ ആദരിക്കുകയാണെങ്കിൽ ദക്ഷിണവിയറ്റ്നാമിൽ സമാധാനം പുനഃസ്ഥാപിതമാകുമെന്നു് കമ്യൂണിക്കേയിൽപറഞ്ഞു.

ഏഷ്യൻ അംഗരാഷ്ട്രങ്ങൾക്കു് നേരെ കമ്യൂണിസ്റ്റ് അട്ടിമറി ഭീഷണിയായി തീർന്നിട്ടുണ്ടെന്നു് കൌൺസിൽ മെമ്പർമാർ സമ്മതിച്ചു.

മാതൃകാണ് അയച്ചതു്. വിയറ്റ്നാം നയം സംബന്ധിച്ചു് അമേരിക്കയോടു് വിയോജിപ്പുള്ളതിനാലാണു് ഫ്രാൻസ് ഈ നടപടി സ്വീകരിച്ചതു്. കമ്യൂണിക്കെയിൽ പരിപൂർണ്ണമായും യോജിക്കുന്നതു്, ആസ്ട്രേലിയ, ബ്രിട്ടൻ, ന്യൂസിലണ്ടു്, ഥായ്ലണ്ടു്, ഫിലിപ്പൈൻഡ്, തായ്ലണ്ടു്, അമേരിക്ക എന്നീ രാഷ്ട്രങ്ങളാണു്.

തായ്ലണ്ടിനെതിരായി രാജ്യത്തിനുപുറത്തുനിന്നും വലിച്ചുകൊണ്ടിരിക്കുന്ന കമ്യൂണിസ്റ്റ് അട്ടിമറിസമ്മേളനംഇന്നും കണക്കിലെടുത്തുതന്നെ പൂർവ്വഭാഗത്തുനിന്നാണു് ഈ ഭീഷണി കാര്യമായും ഉയർന്നിട്ടുള്ളതു്. തങ്ങളുടെ സ്വാധ്യരാഷ്ട്രത്തിനു്, ഈ ഭീഷണിനേരിടുന്നതിനായി ആവശ്യമായ എന്തുസഹായവും ചെയ്യുകയുക്തമാണെന്നു് കൌൺസിൽമെമ്പർമാർ പ്രസ്താവിച്ചതായി കമ്യൂണിക്കേ പ്രഖ്യാപിച്ചു.

1954, 1962 എന്നീ വർഷങ്ങളിലായിട്ടുള്ള ജനീവാകരാർ കമ്യൂണിസ്റ്റ് അക്രമികൾ ആദരിക്കുകയാണെങ്കിൽ ദക്ഷിണവിയറ്റ്നാമിൽ സമാധാനം പുനഃസ്ഥാപിതമാകുമെന്നു് കമ്യൂണിക്കേയിൽപറഞ്ഞു.

ഏഷ്യൻ അംഗരാഷ്ട്രങ്ങൾക്കു് നേരെ കമ്യൂണിസ്റ്റ് അട്ടിമറി ഭീഷണിയായി തീർന്നിട്ടുണ്ടെന്നു് കൌൺസിൽ മെമ്പർമാർ സമ്മതിച്ചു.

ബ്രിട്ടന്റെ വെടിനിർത്തൽ നിർദ്ദേശം

പൊതുവെ ഇന്ത്യയുടെ നിലപാടിനോടു് തുല്യം — ശാസ്ത്രി

(പി. ടി ഐ) ന്യൂഡൽഹി, മേയ് 6

കച്ചിൽ വെടി നിർത്തുന്നതിനായുള്ള ബ്രിട്ടന്റെ നിർദ്ദേശം പൊതുവെ ഇന്ത്യയുടെ നിലപാടിനോടു് യോജിക്കുന്നതാണെന്നു് പ്രധാനമന്ത്രി ശാസ്ത്രി ഇന്നു് പത്രലേഖകരോടു് പറഞ്ഞു.

സിന്ധ്-കച്ചു് അതിർത്തിയിലെ നില 1965 ജനുവരി 1 ാംതീയതിയിലേതായിരിക്കണമെന്നു് അദ്ദേഹം വ്യക്തമാണ് ബ്രിട്ടന്റെ നിർദ്ദേശമെന്നും അദ്ദേഹം പ്രസ്താവിച്ചു.

ബ്രിട്ടീഷ് ഗവണ്മെണ്ടു് വിജ്ഞാപനത്തിനുമുമ്പു് തയ്യാറാക്കിയ ഭൂപടത്തിൽ ഉറച്ചുനിൽക്കുന്നുവെന്നു് താൻ ബ്രിട്ടീഷ് ഗവണ്മെണ്ടിനോടു് വ്യക്തമാക്കിയിട്ടുള്ളതായും മി. ശാസ്ത്രി പ്രസ്താവിച്ചു. നമ്മുടെ നിലയെ ഇതു് ശക്തിപ്പെടുത്തിയിട്ടുണ്ടു്. ഈ ഭൂപടത്തിൽതന്നെ നാം ഉറച്ചുനിൽക്കുന്നു.

പ്രതിപക്ഷനേതാക്കന്മാരുടെ ഒരു സമ്മേളനത്തിന്റെ അവസാനത്തിൽ പത്രലേഖകരോടു് സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

സമ്മേളനവേളയിൽ മെമ്പർമാർ ചില ചോദ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. മുൻനില കൈവരുന്നതുവരെ ഒരു വെടിനിർത്തലിനോടും പ്രശ്നമില്ലെന്നു് പ്രധാനമന്ത്രി അസന്നിഗ്ദ്ധമായി അവരോടു പറഞ്ഞു.

സ്റ്റാറെസ്സൊയും വെടിനിർത്തലും ഒപ്പമായിരിക്കണമെന്നു് താൻ വ്യക്തമാക്കിയിട്ടുണ്ടെന്നും മി. ശാസ്ത്രി പ്രസ്താവിച്ചു. നിഷ്പക്ഷരാഷ്ട്രങ്ങൾ ഇതിനെ പിന്താങ്ങുന്നുണ്ടു്. ഇതു് ശക്തിപ്പെടുത്തിയിട്ടുണ്ടു്. ഈ ഭൂപടത്തിൽതന്നെ നാം ഉറച്ചുനിൽക്കുന്നു.

പ്രതിപക്ഷനേതാക്കന്മാരുടെ ഒരു സമ്മേളനത്തിന്റെ അവസാനത്തിൽ പത്രലേഖകരോടു് സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

സമ്മേളനവേളയിൽ മെമ്പർമാർ ചില ചോദ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. മുൻനില കൈവരുന്നതുവരെ ഒരു വെടിനിർത്തലിനോടും പ്രശ്നമില്ലെന്നു് പ്രധാനമന്ത്രി അസന്നിഗ്ദ്ധമായി അവരോടു പറഞ്ഞു.

സ്റ്റാറെസ്സൊയും വെടിനിർത്തലും ഒപ്പമായിരിക്കണമെന്നു് താൻ വ്യക്തമാക്കിയിട്ടുണ്ടെന്നും മി. ശാസ്ത്രി പ്രസ്താവിച്ചു. നിഷ്പക്ഷരാഷ്ട്രങ്ങൾ ഇതിനെ പിന്താങ്ങുന്നുണ്ടു്. ഇതു് ശക്തിപ്പെടുത്തിയിട്ടുണ്ടു്. ഈ ഭൂപടത്തിൽതന്നെ നാം ഉറച്ചുനിൽക്കുന്നു.

മി. ശാസ്ത്രിയെകൂടാതെ ഗവണ്മെണ്ടു് ഭാഗത്തുനിന്നും ജി. എൽ. നന്ദ, വൈ. ബി. ചവാൻ, ടി. ടി. കൃഷ്ണമാചാരി, സ്വരൺസിംഗ്, എ. കെ. സെൻ, മിസിസ് ഇന്ദിരാഗാന്ധി, സത്യനാരായണസിംഹ എന്നിവർ സംബന്ധിച്ചിരുന്നു. പ്രതിപക്ഷത്തുനിന്നു് മി. ഹീരൻമുക്കർജ്ജി, ഭൂപേശ്ഗുപ്ത, എ ബി. വാജ്പൈ, എസ്. എൻ. ദ്വിവേദി, ധ്യാഭായിപട്ടേൽ, എൻ. സി. ചാറ്റർജ്ജിഎന്നിവരും യോഗത്തിൽ പങ്കെടുത്തു.

ഡൊമിനിക്കൻ റിപ്പബ്ലിക്കിൽ വെടിനിർത്തൽ

(രോയിട്ടർ) സാന്തോഡൊമീങ്കോ മെ. 6

ഡൊമിനിക്കൻ റിപ്പബ്ലിക്കിൽ ഒരു വെടിനിർത്തൽക്കരാറിനു് ഇരുകക്ഷികളും ചേർന്നു് സമ്മതിച്ചതായി അമേരിക്കൻ രാഷ്ട്രസംഘടനയുടെ ആഭിമുഖ്യത്തിലുള്ള സമാധാനദൌത്യസംഘം ഇന്നലെ പ്രഖ്യാപിച്ചിരിക്കുന്നു.

വെടിനിർത്തൽ കരാറിനുശേഷവും യുദ്ധം നടക്കുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടു്.

അയൂബിന്റെ ഭീഷണിയിൽ പരിഭ്രമം

പ: പാക്കിസ്ഥാൻ അതിർത്തിയിൽനിന്നും ജനങ്ങൾ ഓടിപ്പോകുന്നു

[പി. ടി. ഐ] ഫറോസ്പൂർ, മെ. 6

ഇന്ത്യക്കെതിരായി ഇയ്യിടെ പ്രസിഡണ്ടു് അയൂബ്ഖാൻ മുഴക്കിയ യുദ്ധഭീഷണിയുടെ ഫലമായി പശ്ചിമ പാക്കിസ്ഥാനിലെ അതിർത്തി നഗരങ്ങളായ കാഡൂർ, ലാഹോർ എന്നിവിടങ്ങളിൽനിന്നും ജനങ്ങൾ പരിഭ്രമിച്ചു ഓടിപ്പോയിക്കൊണ്ടിരിക്കുന്നതായി ഇവിടെ ലഭിക്കുന്ന റിപ്പോർട്ടുകളിൽ കാണുന്നു.

എന്നാൽ ഇന്ത്യൻ ഭാഗത്തുള്ള ഫിറോസ്പൂർ ജില്ലയിലെ ജനങ്ങളുടെ മനോവീര്യം വളരെ ഉയർന്നതാണു്. എല്ലാ ഭീഷണികളും നേരിടുന്നതിനുള്ള തങ്ങളുടെ ദൃഢനിശ്ചയം അറിയിക്കുന്നതിനായി അതിർത്തി പ്രദേശത്തെ അനേകം ഗ്രാമീണർ ദിവസവും തന്നെ സമീപിക്കുന്നതായി ഡെപ്യൂട്ടി കമ്മീഷണർ മി. കൽദീപ് സിംഗ്രവക്കു് പറഞ്ഞു.

ഫിറോസ്പൂർ സിറ്റിയിൽ ഇതിനകം ഡിഫൻസ് കമ്മിറ്റി രൂപീകരിച്ചു കഴിച്ചു.

പരിശീലനം സിദ്ധിച്ച ഇംഗ്ലീഷ് അദ്ധ്യാപകർ

(പി. ടി. ഐ.) തിരു. മെ. 5

നാലാം പദ്ധതിയുടെ അവസാനത്തിനുമുമ്പായി, കേരളത്തിലെ പ്രൈമറി വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകരിൽ ചുരുങ്ങിതു് പകുതിയെങ്കിലും ഇംഗ്ലീഷ് പഠിപ്പിക്കുന്നതു സംബന്ധിച്ചു് ആറാഴ്ചക്കാലത്തെ പരിശീലനം നേടിയിരിക്കണമെന്നു് ഗവണ്മെണ്ടു് തീരുമാനിച്ചിരിക്കുന്നു.

ഇതിനുവേണ്ടി ഇപ്പോൾ നിലവിലുള്ള അദ്ധ്യാപകരിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നവരുടെ പട്ടിക തയ്യാറാക്കുന്നതിനു് ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷനോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. ഈ പട്ടികയിൽനിന്നും തിരഞ്ഞെടുക്കുന്ന അദ്ധ്യാപകർക്കു് ഒരു പ്രത്യേക പരിശീലനകോഴ്സിൽ പങ്കെടുക്കുന്നതിനുള്ള സൌകര്യം ഏർപ്പെടുത്തുന്നതാണു്. ഈ കോഴ്സിന്റെ കാലാവധി ആറാഴ്ചയായിരിക്കും. ഈ കോഴ്സിൽ പങ്കെടുക്കുന്നവർക്കു് ഒരു നിശ്ചിത അലവൻസും അനുവദിക്കുന്നതാണു്.

ഈ പരിശീലനകോഴ്സിന്റെ ചുമതല ഗവണ്മെണ്ടു് ട്രെയിനിംഗ് കോളേജുകളിലെ അദ്ധ്യാപകരെ ഏൽപ്പിക്കുന്നതാണു്. ഈ കോഴ്സിന്റെ ചുമതല ഗവണ്മെണ്ടു് ട്രെയിനിംഗ് കോളേജുകളിലെ അദ്ധ്യാപകരെ ഏൽപ്പിക്കുന്നതാണു്.

വിമാനാപകടത്തിൽ 30 പേർ കൊല്ലപ്പെട്ട

[രോയിട്ടർ] മാഡ്രിഡ്, മെ 6

ഒരു സ്പാനിഷ് വിമാനം ഇന്നലെ രാത്രി കാനറി ദ്വീപുകൾക്കു് സമീപം വച്ചു് തകർന്നതിനെറ ഫലമായി 30 പേർ കൊല്ലപ്പെട്ടിരിക്കുന്നു. വിമാനത്തിൽ അധികവും വിവിധ യൂറോപ്യൻ രാജ്യങ്ങളിൽനിന്നുള്ള ടൂറിസ്റ്റുകളായിരുന്നു.

....

SANGAM TEXTILES
JAI HIND MARKET BUILDINGS,
(Opposite to the Municipal Bus stand)
TRICHUR

ഇന്നൽഘാടനം

ooo○ooo

തൃശ്ശൂർ ബസ്സ്റ്റാൻറിനു മുൻവശം പുതുതായി പണികഴിപ്പിച്ചിരിക്കുന്ന ജെയ്ഹിന്ദ് മാർക്കറ്റ് ബിൽഡിംഗ്സിൽ നവീനസജ്ജീകരണങ്ങളോടുകൂടി "സംഗം ടെക്സ്റ്റയിൽസ്" എന്ന പേരിൽ ആരംഭിക്കുന്ന ഞങ്ങളുടെ തുണിപീടികയുടെ ഉൽഘാടനം ഇന്നു ഉച്ചക്കു് 12_45നു് (1965 മേയ് 7_ംനു- വെള്ളിയാഴ്ച) മുനിസിപ്പൽ ചെയർമാൻ ശ്രീ. സി. സി. ജോർജ്ജ് M. A. L. L. B. അവർകൾ നിർവ്വഹിക്കുന്നതാണു്. ഏവരുടേയും വിലയേറിയ സാന്നിദ്ധ്യവും സഹകരണവും പ്രത്യേകം അഭ്യർത്ഥിക്കുന്നു.

തൃശ്ശൂർ,
7_5_65.

എന്നു്,
പാർട്ട്നേഴ്സ്

പൂരം!! പുതുമയുള്ള ജൌളിതരങ്ങളുടെ പൂരം

കല്യാണസാരികൾ _ കസവുകവണികൾ
സാംസൺസ് റെഡിമെയ്ഡ് ഡ്രസ്സുകൾ
— എന്നിവകൾക്കും മറെറല്ലാ തുണിത്തരങ്ങൾക്കും —

പോൾ ലാസർ ആട്ടോക്കാരൻ

റൌണ്ട് സൌത്ത് — തൃശ്ശൂർ

ANNOUNCEMENT
OPENING TO-DAY
An eating House of Choicest Mughal Dishes
Most Centrally Situated
Food that Matters to Distinguished Eaters
Bombay Biriyani Restaurant
Post office Road
Opp: Municipal Bus stand
TRICHUR

കേരളാബാലി

പ്രൊപ്രൈറ്റർ 90
ടെലിഫോൺ 125

1965 മേയ് 7-ാംതീയതി വെള്ളി

രാജ്യരക്ഷ

.....o.....

ഭാരതത്തിന്റെ അതിരുകടം ആക്രമിക്കപ്പെട്ടതുടങ്ങിയിട്ട് വർഷങ്ങളായി. നമ്മുടെ സുഹൃത്‌രാജ്യമെന്നറിയപ്പെട്ടിരുന്ന ചൈന, യാതൊരു പ്രകോപനവുമില്ലാതെ നമ്മെ ആക്രമിച്ചു. അവരുടെ ആക്രമണത്തെ ചെറുത്തു നില്ക്കാൻ കഴിയാതെ നമ്മുടെ സൈന്യം പിന്മാറിക്കൊണ്ടിരുന്നു. ചൈനക്ക് ആവശ്യമെന്നു തോന്നിയിടത്തോളമെത്തിയപ്പോൾ, അവർ ഏകപക്ഷീയമായി വെടിനിറുത്തൽ പ്രഖ്യാപിച്ചു. നമ്മുടെ വമ്പിച്ച ദ്രവിഭാഗം ചൈനയുടെ കൈവശത്തിലാണിപ്പോഴുമിരിക്കുന്നു. ആക്രമണത്തിനെന്നപോലെ പ്രതിരോധത്തിലും ചൈന നമ്മെ തോല്പിക്കുകയാണു ചെയ്തതു.

ഇപ്പോഴിതാ പാക്കിസ്ഥാൻ നമ്മുടെ പ്രദേശം ആക്രമിച്ചു കൈവശപ്പെടുത്തിയിരിക്കുന്നു. ഇന്ത്യയെ ശക്തീകരിക്കുന്ന ഒരു രാഷ്ട്രമായ പാക്കിസ്ഥാനെ എങ്ങനെ ഇന്ത്യയെ ആക്രമിക്കാനും, ഇന്ത്യയുടെ ദ്രവിഭാഗം കയ്യടക്കിവെക്കാനും കഴിയുന്നു എന്നുള്ളതു ഭാരതീയരുടെ മനസ്സാക്ഷിയെ ഉണർത്തേണ്ട ഒരു വസ്തുതയാണു്.

ഇന്ത്യയും പാക്കിസ്ഥാനും വ്യത്യസ്തമായ വിദേശനയമാണു് സ്വീകരിച്ചിരുന്നതു്. പാക്കിസ്ഥാൻ പാശ്ചാത്യചേരിയിലായിരുന്നു. പട്ടാളഭരണത്തിൻകീഴിൽ ഉറപ്പിച്ചെടുക്കയും ചെയ്തിരുന്നു. ഭാരതത്തെ സംബന്ധിച്ചേടത്തോളം, ചേരിചേരാനയമാണു് സ്വീകരിച്ചിരുന്നതു്. ആ നയത്തെപ്പറ്റി ലോകരാഷ്ട്രങ്ങളിൽ ഭൂരിപക്ഷത്തിനും നല്ല അഭിപ്രായമായിരുന്നു. നമ്മുടെ പ്രശംസിക്കുന്നവരുണ്ടായിരുന്നു. നമ്മുടെ ചേരിചേരാനയം നല്ലതാണെന്നു പറഞ്ഞിരുന്നവരിൽ ഏറ്റവും ഉറക്കെപ്പറഞ്ഞിരുന്നതു് ചൈനയായിരുന്നു. എന്നാലതോടൊപ്പം, പട്ടാളഭരണത്തിൻകീഴിലുള്ള പാക്കിസ്ഥാനെ വിമർശിക്കുന്നതിനും ചൈന തയ്യാറായിരുന്നു. നമ്മുടെ വിദേശനയം നല്ലതാണെന്നു പ്രശംസിച്ചിരുന്ന കാലത്തു തന്നെ ഇൻഡ്യയെ ആക്രമിക്കാൻ ചൈന പരിപാടി ഇട്ടിരുന്നു എന്നതു തെളിഞ്ഞിരിക്കുന്നതിൽനിന്നും, നമ്മുടെ നയം, ഇൻഡ്യയേക്കാൾ കൂടുതലായി, നമ്മെ ആക്രമിക്കാനൊരുങ്ങിയിരുന്ന ചൈനക്ക് അനുകൂലമാണെന്ന മനസ്സിലാക്കിയിരുന്നതുകൊണ്ടാണ് അവർ പ്രശംസിച്ചിരുന്നതെന്നു് അനുമാനിക്കുന്നതിൽ വലിയ തെറ്റുണ്ടെന്നു തോന്നുന്നില്ല. നമ്മെ അപകടത്തിലാക്കാനും, പരാജയപ്പെടുത്താനും അവസരം പാർത്തിരുന്നവർ കരുതിക്കൂട്ടി നടത്തിയ പ്രചരണത്തിന്റെയും പ്രശംസയുടെയും മായാവലയത്തിൽ നമ്മുടെ ചില നേതാക്കളും പെട്ടുപോയതുകൊണ്ടല്ലേ നമ്മുടെ രാജ്യം രക്ഷിക്കുന്നതിനുള്ള മാർഗ്ഗം നമുക്കില്ലാതെപോയതെന്നും സംശയിക്കേണ്ടിയിരിക്കുന്നു. ഒരു രാജ്യത്തിന്റെ വിദേശനയം മുഖ്യതന്ത്രത്തിലുള്ളതായിരിക്കണമെന്നു തീരുമാനിക്കുന്നതിൽ, മുഖ്യസ്ഥാനം നൽകേണ്ടതു്, ആ രാജ്യത്തിന്റെ സ്വതന്ത്രമായ നിലനില്പു അപകടത്തിലാവാതിരിക്കണമെന്നുള്ള കാര്യത്തിനായിരിക്കണം മുൻതൂക്കം. വെച്ചുനോക്കുമ്പോൾ, നമ്മുടെ രാജ്യരക്ഷ അപകടത്തിൽപ്പെട്ടുകാണുന്ന ഈ പരിതഃസ്ഥിതിയിൽ—രണ്ടു ചേരിയിലും ചേരാതെ നാം ആക്രമിക്കപ്പെട്ട സമയം—നമ്മുടെ വിദേശനയം കൈകാര്യം ചെയ്തതിൽ സാരമായ കുറ്റമാരും സംവേചിച്ചു എന്നു് സാധാരണജനങ്ങൾ സംശയിക്കുന്നതിനു തെറ്റുണ്ടെന്നു തോന്നുന്നില്ല.

ചൈനയും പാക്കിസ്ഥാനും നമ്മുമായി സംബന്ധിച്ചേടത്തോളം ആക്രമികളുടെ നിലയിലേക്കധഃപതിച്ചിരിക്കയാണു്. ആയുധത്തിന്റെ ശക്തിമാത്രമാണവർക്കു വശമായിട്ടുള്ളതു്. "വെട്ടാൻവരുന്ന പോത്തിനോടു് വേദമോതിയാൽ ഫലമില്ല" എന്നുള്ള പഴഞ്ചൊല്ലനുസരിച്ചു് പാക്കിസ്ഥാനോടും, ചൈനയോടും ധർമോപദേശത്തിന്റെ മുദ്രവിട്ടുകൊണ്ടു് യുദ്ധത്തിന്റെ രാഷ്ട്രീയിൽത്തന്നെ അവരെ നേരിടാൻ നാം തയ്യാറായിരിക്കുന്നു. ഭാരതീയരെ സംബന്ധിച്ചേടത്തോളം, ദേശസ്നേഹത്തിൽ നാം ആരുടേയുംപിന്നിലല്ല. മാതൃരാജ്യം കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി ആത്മാർപ്പണം ചെയ്യാൻ ഓരോ ഭാരതീയനും തയ്യാറാണു്. ബ്രിട്ടീഷുകാരോടു് ധീരമായി സമരം ചെയ്തു സ്വാതന്ത്ര്യം നേടിയതു്, വിദേശകുത്തക അടിയറവെയ്ക്കാനല്ല എന്നുള്ളതു്, സ്വാതന്ത്ര്യസംരക്ഷണത്തിനുവേണ്ടി തുടർന്നു വരിക്കാൻ നമുക്കു പ്രചോദനം നൽകുന്നതാണു്. ശത്രുക്കളെ നേരിടുന്നതിനു വേണ്ടി ഒരു പ്രത്യേക പ്രായപരിധിയിലുള്ള ഇൻഡ്യയിലെ സകലർക്കും ആയുധപരിശീലനം നല്കേണ്ടതു് ഇന്നത്തെ നിലക്കു് അത്യാവശ്യമാണെന്നാണു് ഞങ്ങൾ കരുതുന്നതു്. നമ്മുടെ ആവശ്യത്തിനു മതിയാകാതെവരുന്ന ആയുധങ്ങളും ഉപകരണങ്ങളും കിട്ടാവുന്ന എല്ലാ കേന്ദ്രങ്ങളിൽനിന്നുംശേഖരിക്കേണ്ടതും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു്. ആളും ആയുധവും സജ്ജീകരിക്കുന്നതുപോലെ തന്നെ പ്രാധാന്യമുള്ളതാണു്, വേണ്ടനേരത്തു് വേണ്ടപോലെ പ്രയോഗിക്കുകയെന്നുള്ളതു്. ഈ അക്കാര്യത്തിൽ ചില പാകപ്പിഴകളും നമുക്കു സംഭവിച്ചിട്ടില്ലേയെന്ന സംശയിക്കേണ്ടിയിരിക്കുന്നു. യുദ്ധകാലത്തു് ശത്രുവിനെ നേരിടുന്നതു് തന്ത്രപരമായിട്ടായിരിക്കണമെന്നതു് തർക്കമറ്റ വസ്തുതയാണു്. നീതിബോധം നശിച്ചു, ആക്രമിയായ ഒരു രാഷ്ട്രം അവർക്കു സംഭവിക്കാവുന്ന അപകടത്തെ ഓർത്തു മാത്രമേ ആക്രമണത്തിൽനിന്നും പിന്തിരിയുകയുള്ളു. അങ്ങനെയെങ്കിൽ, ആക്രമണത്തിൽനിന്നുപോലെ പ്രതിരോധത്തിലും ചൈന നമ്മെ തോല്പിക്കുകയാണു ചെയ്തതു്.

ഇപ്പോഴിതാ പാക്കിസ്ഥാൻ നമ്മുടെ പ്രദേശം ആക്രമിച്ചു കൈവശപ്പെടുത്തിയിരിക്കുന്നു. ഇന്ത്യയെ ശക്തീകരിക്കുന്ന ഒരു രാഷ്ട്രമായ പാക്കിസ്ഥാനെ എങ്ങനെ ഇന്ത്യയെ ആക്രമിക്കാനും, ഇന്ത്യയുടെ ദ്രവിഭാഗം കയ്യടക്കിവെക്കാനും കഴിയുന്നു എന്നുള്ളതു് ഭാരതീയരുടെ മനസ്സാക്ഷിയെ ഉണർത്തേണ്ട ഒരു വസ്തുതയാണു്.

ഇന്ത്യയും പാക്കിസ്ഥാനും വ്യത്യസ്തമായ വിദേശനയമാണു് സ്വീകരിച്ചിരുന്നതു്. പാക്കിസ്ഥാൻ പാശ്ചാത്യചേരിയിലായിരുന്നു. പട്ടാളഭരണത്തിൻകീഴിൽ ഉറപ്പിച്ചെടുക്കയും ചെയ്തിരുന്നു. ഭാരതത്തെ സംബന്ധിച്ചേടത്തോളം, ചേരിചേരാനയമാണു് സ്വീകരിച്ചിരുന്നതു്. ആ നയത്തെപ്പറ്റി ലോകരാഷ്ട്രങ്ങളിൽ ഭൂരിപക്ഷത്തിനും നല്ല അഭിപ്രായമായിരുന്നു. നമ്മുടെ പ്രശംസിക്കുന്നവരുണ്ടായിരുന്നു. നമ്മുടെ ചേരിചേരാനയം നല്ലതാണെന്നു പറഞ്ഞിരുന്നവരിൽ ഏറ്റവും ഉറക്കെപ്പറഞ്ഞിരുന്നതു് ചൈനയായിരുന്നു. എന്നാലതോടൊപ്പം, പട്ടാളഭരണത്തിൻകീഴിലുള്ള പാക്കിസ്ഥാനെ വിമർശിക്കുന്നതിനും ചൈന തയ്യാറായിരുന്നു. നമ്മുടെ വിദേശനയം നല്ലതാണെന്നു പ്രശംസിച്ചിരുന്ന കാലത്തു തന്നെ ഇൻഡ്യയെ ആക്രമിക്കാൻ ചൈന പരിപാടി ഇട്ടിരുന്നു എന്നതു തെളിഞ്ഞിരിക്കുന്നതിൽനിന്നും, നമ്മുടെ നയം, ഇൻഡ്യയേക്കാൾ കൂടുതലായി, നമ്മെ ആക്രമിക്കാനൊരുങ്ങിയിരുന്ന ചൈനക്ക് അനുകൂലമാണെന്ന മനസ്സിലാക്കിയിരുന്നതുകൊണ്ടാണ് അവർ പ്രശംസിച്ചിരുന്നതെന്നു് അനുമാനിക്കുന്നതിൽ വലിയ തെറ്റുണ്ടെന്നു തോന്നുന്നില്ല. നമ്മെ അപകടത്തിലാക്കാനും, പരാജയപ്പെടുത്താനും അവസരം പാർത്തിരുന്നവർ കരുതിക്കൂട്ടി നടത്തിയ പ്രചരണത്തിന്റെയും പ്രശംസയുടെയും മായാവലയത്തിൽ നമ്മുടെ ചില നേതാക്കളും പെട്ടുപോയതുകൊണ്ടല്ലേ നമ്മുടെ രാജ്യം രക്ഷിക്കുന്നതിനുള്ള മാർഗ്ഗം നമുക്കില്ലാതെപോയതെന്നും സംശയിക്കേണ്ടിയിരിക്കുന്നു. ഒരു രാജ്യത്തിന്റെ വിദേശനയം മുഖ്യതന്ത്രത്തിലുള്ളതായിരിക്കണമെന്നു തീരുമാനിക്കുന്നതിൽ, മുഖ്യസ്ഥാനം നൽകേണ്ടതു്, ആ രാജ്യത്തിന്റെ സ്വതന്ത്രമായ നിലനില്പു അപകടത്തിലാവാതിരിക്കണമെന്നുള്ള കാര്യത്തിനായിരിക്കണം മുൻതൂക്കം. വെച്ചുനോക്കുമ്പോൾ, നമ്മുടെ രാജ്യരക്ഷ അപകടത്തിൽപ്പെട്ടുകാണുന്ന ഈ പരിതഃസ്ഥിതിയിൽ—രണ്ടു ചേരിയിലും ചേരാതെ നാം ആക്രമിക്കപ്പെട്ട സമയം—നമ്മുടെ വിദേശനയം കൈകാര്യം ചെയ്തതിൽ സാരമായ കുറ്റമാരും സംവേചിച്ചു എന്നു് സാധാരണജനങ്ങൾ സംശയിക്കുന്നതിനു തെറ്റുണ്ടെന്നു തോന്നുന്നില്ല.

റേഡിയോ

മേയ് 7 വെള്ളി

തിരുവനന്തപുരം, കോഴിക്കോട്ട്, തൃശ്ശൂർ,

454.5, 441.2, 517.2 മീറ്റർ

കാലത്തു്

6-30 മംഗളവാദ്യം, സുഭാഷിതം
6-35 പരിപാടികളെപ്പറ്റിയുള്ള അറിയിപ്പുകൾ
6-40 വാർത്തകൾ ഇംഗ്ലീഷിൽ
6-45 ഭക്തിഗീതം
7-00 ഗാന്ധിമാർഗ്ഗം
7-25 ഇന്നത്തെ ചിന്താവിഷയം
7-30 വാർത്തകൾ മലയാളത്തിൽ
7-45 അഞ്ജലി
8-00 വാർത്തകൾ ഇംഗ്ലീഷിൽ
8-15 വീണ (എൻ. ടി. നാരായണി)
8-45 സമാപനം

ഉച്ചതിരിഞ്ഞു്

12-30 പ്രാദേശികവാർത്തകൾ
12-35 ചലച്ചിത്രഗാനങ്ങൾ
12-45 മറിയാലയം
1-20 വാർത്തകൾ മലയാളത്തിൽ
1-30 ലളിതഗാനങ്ങൾ
1-40 വാർത്തകൾ ഹിന്ദിയിൽ
1-50 സുഗമസംഗീതം
2-00 കാലാവസ്ഥ

രാത്രി

5-30 തൊഴിലാളിമണ്ഡലം
6-00 പ്രാദേശിക അറിയിപ്പുകൾ
6-05 പ്രാദേശികവാർത്തകൾ
6-15 നാട്ടിൻപുറം
7-00 മലയാളപ്രഭാഷണം
7-10 ചലച്ചിത്രഗാനങ്ങൾ
7-30 വാർത്തകൾ മലയാളത്തിൽ
7-45 വയലും വീടും
8 55 ഇന്നത്തെ ചിന്താവിഷയം
9-00 വാർത്തകൾ ഇംഗ്ലീഷിൽ
9-15 സംസ്കൃതപരിപാടി
9-30 കഞ്ഞാറക്കിളി
10-00 വീണ [എൻ. ടി. നാരായണി]
10-30 വാർത്തകൾ ഇംഗ്ലീഷിൽ
10-35 സമാപനം

മാളചെത്തുതൊഴിലാളി യൂണിയൻ

സ.ലേ

മാള ചാലക്കുടി റെയിഞ്ച് ചെത്തുതൊഴിലാളി യൂണിയന്റെ വാർഷികജനറൽബോഡിയോഗം വി. പി. മാധവന്റെ അദ്ധ്യക്ഷതയിൽകൂടി വി. പി മാധവൻ [പ്രസിഡണ്ടു്.) വി. പി. അമ്മാവൻ (സിക്രട്ടറി) പി സി. പത്മനാഭൻ (ഖജാൻജി) കെ. എൻ. കുട്ടൻ (ഓഫീസ് സിക്രട്ടറി) എന്നിങ്ങനെ 41 പേരടങ്ങിയ പുതിയ കമ്മിറ്റിയെ തിരഞ്ഞെടുത്തിരിക്കുന്നു.

സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി പ്രാസാദങ്ങളല്ല, പ്രസാദങ്ങളാണു് II

ലാഭംമാത്രം കണക്കുകൂട്ടി ദൈവസ്നേഹം അഭിനയിക്കുന്ന കപടഭക്തന്മാർ

— എം. ഒ. ജോസഫ്, നെടുങ്കുന്നം —

അപ്പോൾ ഒരുവൻറെ അന്ത്യം സ്വർഗ്ഗമോ നരകമോയെന്നു നിശ്ചയിക്കുന്നതു് അവൻ ക്രിസ്തുവിൻറെ സഹോദരന്മാരായ ചെറിയവർക്കു്—പാവങ്ങൾക്കു്, ദരിദ്രർക്കു്—ഭക്ഷണം കൊടുത്തോ, കുടിപ്പാൻ കൊടുത്തോ, പാർപ്പാൻ സ്ഥലം കൊടുത്തോ, "നഗ്നതമാറ്റുവാൻ വസ്ത്രം കൊടുത്തോ, എന്നതിനെ ആശ്രയിച്ചാണു്. അവൻ അംബരചുംബികളായ മണിമേടകൾ നിർമ്മിച്ചിട്ടുണ്ടോ, പള്ളി പണിയിച്ചിട്ടുണ്ടോ, പൊന്നാനാം കഴിച്ചിട്ടുണ്ടോ, വെടിക്കെട്ടു നടത്തിയിട്ടുണ്ടോ എന്നൊന്നുമായിരിക്കുകയില്ല, ക്രിസ്തുനാഥൻ അന്വേഷിക്കുന്നതു്, ആ നല്ല സമരിയാക്കാരൻറെ കഥ എന്താണു് നമ്മെ പഠിപ്പിക്കുന്നതു്? അവശനായ ഒരുവനോടു് ദയകാണിച്ചവനെ കാരുണ്യത്താൽ ഒരു പുരോഹിതനേക്കാളും ലേവ്യനെക്കാളും പുകഴ്ത്തിക്കുന്ന സമരിയാക്കാരൻ നീതീകരിക്കപ്പെടുന്നതായി നാം കാണുന്നു. ഈ അന്യപദേശം വഴി സ്വർഗ്ഗപ്രാപ്തിക്കുള്ള ഒരു അവശ്യഘടകം അയല്ക്കാരനെ സ്നേഹിക്കുകയാണെന്നു് അവിടുന്നു വ്യക്തമാക്കിയിരിക്കുന്നു. "കീഴ്ക്കുനിന്നും പടിഞ്ഞാറുനിന്നും വടക്കുനിന്നും തെക്കുനിന്നും അന്യർ വന്നു ദൈവത്തിൻറെ രാജ്യത്തു സ്ഥാനം പിടിക്കും" (ലൂക്കാ 13, 29); "മുക്കുകാരും വേശ്യകളും നിങ്ങൾക്കു മുൻപേ സ്വർഗ്ഗരാജ്യത്തിലേക്കു പോകും." (മത്താ: 21, 31); "ദൈവരാജ്യം നിങ്ങളിൽ നിന്നെടുത്തു് അതുയോഗ്യഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്കു കൊടുക്കും" (മത്താ: 21, 43); എന്നിങ്ങനെ ക്രിസ്തുനാഥൻ അരുളിച്ചെയ്തപ്പോൾ അവിടുന്നു നമ്മെയും മനസ്സിൽ കരുതിയിരുന്നോയെന്നുമാമൊന്നു ഗാഢമായി ചിന്തിക്കുന്നതു് നല്ലതാകുന്നു.

സ്നേഹത്തിൻറെ അളവു് ലാഭം മാത്രം

കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്ത നാം കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നുവെന്ന ഭാവിക്കുകയാണു്. അതും നമുക്കു് ഉപകാരം ചെയ്യുന്ന ഒരു ദൈവത്തെ, ദൈവം നമ്മുടെ നാഥനായതുകൊണ്ടല്ലാ, അങ്ങയിൽനിന്നു ചില ഉപകാരങ്ങൾ നമുക്കു് കിട്ടേണ്ടതുള്ളതുകൊണ്ടാണു് നാം ദൈവത്തെ സ്നേഹിക്കുന്നതു്. ഒരു സാമ്പത്തികനേട്ടം വേണ്ടി അന്യനെ ദ്രോഹിക്കുന്നതിനു് നാം മടിക്കാത്തതുപോലെതന്നെ കൂടുതൽ പ്രയോജനം ലഭിക്കാമെങ്കിൽ ദൈവത്തെ വിട്ടു ചാത്തനെ സേവിക്കുവാനും നമുക്കു് മടിയില്ല. നമ്മിൽ പ്രമാണികളെല്ലാം ഇപ്പോൾ രാഷ്ട്രകാലം നോക്കുന്നവരാണല്ലോ. ദൈവത്തേക്കാൾ കൂടുതൽ രാഷ്ട്രകാലം നമ്മെ സഹായിച്ചുകിലോയെന്നാണു് നാം കരുതുന്നതു്. സ്വർഗ്ഗസ്ഥനായ പിതാവിനെ നമ്മുടെ തലയിലെ ഒരു മുടിപോലും പൊഴിയുകയില്ലെന്നു ക്രിസ്തു പറയുന്നു; നാമാകട്ടെ കൂടുതൽ നമ്മെ കൈവെയ്ക്കുവൻ ചാത്തനെ സേവിക്കുകയും രാഷ്ട്രകാലം നോക്കുകയും ചെയ്യുന്നു. ഇതല്പം നമ്മുടെ സ്വാർത്ഥതയാണല്ലോ കാണിക്കുന്നതു്. ബസ് സ്റ്റാൻഡുകളിൽ ബസിൽ ചാടിക്കയറുവാൻ തടിമിടുക്കുള്ളവർ മറവുള്ളവരെ ഉന്തിത്തള്ളിമാറ്റി മുന്നോട്ടു കുതിക്കുന്നതുപോലെ, മറവുള്ളവരെ തള്ളിമാറ്റി സ്വർഗ്ഗരാജ്യം കരസ്ഥമാക്കാമെന്നാണു് നമ്മുടെ വിചാരമെന്നു തോന്നിപ്പോകുന്നു.

വഴിക്കാൻ സൂനഹദോസ്

കത്തോലിക്കർ പൊതുവെ ഇത്തരമൊരു വ്യാമോഹത്തിൽ കഴിയുകയായിരുന്നുവെന്നു പറഞ്ഞാൽ അതിൽവലിയ തെറ്റില്ല. ആ ദിവാസ്വപ്നത്തിൽനിന്നും അവരെ തട്ടിയുണർത്തിയെന്നതാണു് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രധാന്യം. കത്തോലിക്കരുടെ ചിന്താമണ്ഡലത്തിൽ അദൃഷ്ടപൂർവ്വമായ ഒരു മഹാ വിപ്ലവമാണു് അതു സാധിച്ചിരിക്കുന്നതു്. ആ സൂനഹദോസിൽചെയ്യപ്പെട്ട പ്രസംഗങ്ങളുടെയും പാസാക്കപ്പെട്ട പ്രമേയങ്ങളുടെയും അക്ഷരാർത്ഥത്തിലുള്ള പ്രാധാന്യത്തെയല്ലാ ഞാൻ ഇവിടെ സൂചിപ്പിക്കുന്നതു്. അവയ്ക്കു് അവയുടെതായ പ്രാധാന്യമുണ്ടു്. എന്നാൽ അതിലധികമായി, കത്തോലിക്കരുടെ പൊതുവായ ചിന്താഗതിയിൽ അതു വരുത്തിയിരിക്കുന്ന പരിവർത്തനമാണു് ഞാൻ പ്രധാനമായി കണക്കാക്കുന്നതു്. മറവെഴിത്തിൽ പറഞ്ഞാൽ, 'ഞാൻ എൻറെ സഹോദരൻറെ കാവൽക്കാരനാകുന്നു' എന്ന രണ്ടാംവത്തിക്കാൻ സൂനഹദോസ് പ്രഖ്യാപനം ചെയ്തിരിക്കുന്നു, നമ്മുടെ അയൽക്കാരനെ മറന്നിട്ടു്, അവഗണിച്ചിട്ടു്, ചവിട്ടിമാറിയിട്ടു്, സ്വർഗ്ഗം തട്ടിയെടുക്കുവാനുള്ള ശ്രമം നിഷ്ഫലമാണെന്നാണു് അതു നമ്മെ ബോദ്ധ്യപ്പെടുത്തിയിരിക്കുന്നതു്.

വാളെടുത്തവൻ വാളാൽ

നല്ലൂർ—തൻറെ മൂത്തമകനെ വെട്ടിക്കൊലപ്പെടുത്തിയശേഷം ചോര കലിക്കുന്ന അരിവാളുമായി ഒരു പിതാവു് ഇവിടത്തെ പോലീസ് സ്റ്റേഷനിൽ ഹാജരായതായ ഒരു സംഭവമുണ്ടായിരിക്കുന്നു.

പരമത്തി എന്ന പ്രദേശത്തിനടുത്താണു് ഭാർഗ്ഗവമായ ഈ സംഭവം നടന്നതു്. ഉർഭഗനായ ഈ പിതാവിൻറെ പേരു് ചിന്നാകുഞ്ഞരെന്നാണു്.

ചിന്നാകുഞ്ഞിക്കു് പെരുമാൾ, കാളിയപ്പൻ എന്നീ രണ്ടു മക്കളാണുള്ളതു്. മൂത്തമകൻ പെരുമാൾ പിതാവിൻറെ വരുതിക്കു വഴങ്ങാതെ തന്നിഷ്ടക്കാരനായി ജീവിച്ചുവരുകയായിരുന്നു. അതിനാൽ ചിന്നാകുഞ്ഞർ അടുത്തകാലത്തു് അവൻറെ സ്വത്തുവിഹിതമെല്ലാം കൊടുത്തു് വീട്ടിൽനിന്നും പറഞ്ഞയച്ചു.

രണ്ടുമക്കളും അവിവാഹിതരാണു്. മൂത്തമകനെ ഭാഗംകൊടുത്തു വീട്ടിൽനിന്നും ഇറക്കിവിട്ടശേഷം പിതാവു് ഇളയമകൻറെ വിവാഹം നടത്താൻവേണ്ട ആലോചനകളും നടത്തിവരുകയായിരുന്നു.

ഈ വിവരം മൂത്തമകനായ പെരുമാളിനു് അറിവുകിട്ടി. ഇതിൽ കുപിതനായ അയാൾ സംഭവദിവസം വഴിയെവന്നിരുന്ന അനുജനെ തടഞ്ഞുനിറുത്തി കയ്യിലിരുന്ന അരിവാളുകൊണ്ടു് വെട്ടിമുറിപ്പെടുത്തിയതായി പറയുന്നു.

കുറച്ചകലെനിന്നും ചിന്നാകുഞ്ഞർ ഇതുകണ്ടു. ഉടനെ അയാൾ സംഭവസ്ഥലത്തേക്കു് പാഞ്ഞെത്തി. പെരുമാളിൻറെ കയ്യിൽനിന്നും അയാൾ അരിവാൾ പിടിച്ചുവാങ്ങുകയും അതുകൊണ്ടു് അവനെ വെട്ടിവീഴ്ത്തുകയും ചെയ്തു. പെരുമാൾ സംഭവസ്ഥലത്തുവച്ചുതന്നെ മരണപ്പെട്ടു. പരിക്കുപറ്റിയ കാളിയപ്പനെ പോലീസ്സുകാർ പിന്നീടു് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

മൂത്തമകനെവെട്ടിക്കൊലപ്പെടുത്തിയ ശേഷം രക്തമൊലിക്കുന്ന കത്തിയുമായി പോലീസ്സ്സ്റ്റേഷനിൽ നേരിട്ടു ഹാജരായ ചിന്നാകുഞ്ഞരെ തടവിലാക്കിയിരിക്കുന്നു.

ക്രിസ്ത്യാനിയുടെ അടയാളം

നാമെല്ലാം ക്രിസ്ത്യാനികളാണു്, പക്ഷെ ക്രിസ്ത്യാനികളാണെന്നുള്ളതിനു് തെളിവെന്താണു്? അഥവാ, ഹിന്ദുക്കളിൽനിന്നും മുസ്ലീമുകളിൽനിന്നും നമ്മെ വേർതിരിച്ചു കാണിക്കുന്ന അടയാളമെന്താണു്? ആ അടയാളമെന്താണെന്നുകൂടി സൂക്ഷ്മത്തിൽ പഠിക്കുന്നതു് നന്നായിരിക്കും.

നമ്മുടെ നാഥൻ ഈ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ അവിടുന്നു പഠിപ്പിച്ചുതെല്ലാം സമൂഹത്തെ മൊത്തത്തിൽ എടുത്തായിരുന്നു. അവിടുന്നു പഠിപ്പിച്ചതും നാം നിത്യവും ഉരുവിടുന്നതുമായ പ്രാർത്ഥനയെന്താണു്? 'ഞങ്ങൾക്കു് ആവശ്യമുള്ള ആഹാരം ഇന്നു ഞങ്ങൾക്കു തരേണമേ.... ഞങ്ങൾനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ' (മത്താ: 6, 11–13) നാം അപേക്ഷിക്കുന്നതു സമൂഹത്തിൻറെ പേരിലാണു്. ദൈവം നമുക്കു് തരുന്നതുസമൂഹത്തിൻറെ പേരിലാണു്. 'ഞങ്ങൾക്കു്' 'നമുടെ പാപങ്ങൾ' ക്ഷമിക്കേണമേ' എന്നിവയിലും 'ഞങ്ങൾക്കു്' എന്നതുകൊണ്ടു് സമൂഹത്തിൻറെ പേരിലുള്ള അപേക്ഷയാണു്. ഈ പ്രാർത്ഥനയിൽ ഏകവചനം ഒരിടത്തുപോലുമില്ല. ഈ പ്രാർത്ഥനയുടെ ചൈതന്യം ഉൾക്കൊള്ളുന്നവർക്കു് ഒരിക്കലും വ്യക്തിപരമായി ചിന്തിക്കുവാൻ കഴിയുകയില്ല. അവർ എപ്പോഴും സമൂഹത്തിൻറെ പേരിലാണു് ചിന്തിക്കുന്നതു്. ഈ ചിന്താഗതിയിൽ വരുത്തിയിരിക്കുന്ന പരിവർത്തനമാണു് ഞാൻ പ്രധാനമായി കണക്കാക്കുന്നതു്. മറവെഴിത്തിൽ പറഞ്ഞാൽ, 'ഞാൻ എൻറെ സഹോദരൻറെ കാവൽക്കാരനാകുന്നു' എന്ന രണ്ടാംവത്തിക്കാൻ സൂനഹദോസ് പ്രഖ്യാപനം ചെയ്തിരിക്കുന്നു, നമ്മുടെ അയൽക്കാരനെ മറന്നിട്ടു്, അവഗണിച്ചിട്ടു്, ചവിട്ടിമാറിയിട്ടു്, സ്വർഗ്ഗം തട്ടിയെടുക്കുവാനുള്ള ശ്രമം നിഷ്ഫലമാണെന്നാണു് അതു നമ്മെ ബോദ്ധ്യപ്പെടുത്തിയിരിക്കുന്നതു്.

അടയാളം അവകാശവാദങ്ങൾ

ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണകൂടം 1915–ൽ പ്രസിദ്ധീകരിച്ച ഭൂപടവും 1928, 1936 എന്നീ വർഷങ്ങളിൽ പ്രസിദ്ധീകരിച്ച ഭൂപടങ്ങളും മറ്റു ഭൂപടങ്ങളും കച്ചിനും സിന്ധിനും ഇടയ്ക്കുള്ള അതിർത്തി വ്യക്തമായും യാതൊരു തർക്കത്തിനും ഇടംനൽകാത്ത വിധത്തിലും രേഖപ്പെടുത്തിയിട്ടുണ്ടു്.

1938ൽ ഇന്ത്യൻ സർവ്വേ വകുപ്പിലെ ഉദ്യോഗസ്ഥൻ കച്ചു് നാട്ടുരാജ്യത്തിനും സിന്ധിനും ഇടയ്ക്കു് ഉള്ള അതിർത്തി "തർക്കപ്രദേശ"മായി കാണിച്ചിരുന്നു. പക്ഷേ ശ്രദ്ധാപൂർവ്വമായ പരിശോധനയെത്തുടർന്നു് ഇതു് തെറ്റാണെന്നു് കാണുകയും "തർക്കപ്രദേശ"മെന്ന വാക്കു് ഭൂപടങ്ങളിൽനിന്നു് നീക്കം ചെയ്യാൻ ഭൂപട പ്രസിദ്ധീകരണ ഡയറക്ടർ ഉത്തരവുകൊടുക്കുകയുമുണ്ടായി. പാക്കിസ്ഥാൻ നിലവിൽവന്ന 1047ആഗസ്റ്റ് 15–നുമുമ്പുള്ള തെളിവുകളിൽ ഒരെണ്ണംപോലും സിന്ധ് പ്രവിശ്യക്കും കച്ചിനും ഇടക്കുള്ള അതിർത്തിയെപ്പറ്റി യാതൊരു തർക്കത്തിനും അടിസ്ഥാനം നൽകുന്നില്ല.

അടിസ്ഥാനരഹിതമായ പാകിസ്ഥാൻറെ അവകാശവാദങ്ങൾ

1948–ൽ പാകിസ്ഥാൻ റാൻ ഓഫ് കച്ചിൻറെ ചില ഭാഗങ്ങളുടെ മേൽ അടിസ്ഥാനരഹിതമായ അവകാശവാദങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. സിന്ധിനും കച്ചിനും ഇടക്കുള്ള അതിർത്തി ബ്രിട്ടീഷ് ഗവണ്മെണ്ടു് വ്യക്തമായി അവഗണിച്ചു് രേഖപ്പെടുത്തിയിട്ടുണ്ടു്—യാതൊരു വിവാദത്തിനും ഇടനൽകാത്തനിലയിൽ. പാകിസ്ഥാൻറെ അതിർത്തിയും രാജസ്ഥാൻ–പശ്ചിമ പാകിസ്ഥാൻ അതിർത്തിയും അടയാളപ്പെടുത്തിക്കഴിഞ്ഞു. ഇന്ത്യൻ സർവ്വേകപ്പു് പലതവണ അഭ്യർത്ഥിച്ചിട്ടുകിലും ഇക്കാര്യത്തിൽ പാകിസ്ഥാൻ ഇതുവരെ ഒരു പുരോഗതിയും കാണിച്ചിട്ടില്ല. ഈ അവകാശവാദങ്ങൾ ഉറപ്പിക്കുന്നതിനുള്ള ഇപ്പോഴത്തെ ശ്രമവും തീരെ ഇല്ലാത്ത സ്ഥലത്തു് അതുണ്ടാക്കാൻപോകുന്നില്ല. പാകിസ്ഥാൻറെ നീക്കങ്ങൾ ആ രാജ്യത്തിൻറെ ഭ്രാന്തമായ മോഹങ്ങളുടെ തള്ളിച്ചയല്ലാതെ മറ്റൊന്നുമല്ല.

സ്വതന്ത്രം അവകാശവാദങ്ങൾ സ്ഥാപിക്കാൻ പാകിസ്ഥാൻ മൂന്നു വാദമുഖങ്ങൾ പുറപ്പെടുവിച്ചിട്ടു

സ്വർഗ്ഗത്തിലേയ്ക്കുള്ളവഴി പ്രാസാദങ്ങളല്ല പ്രസാദങ്ങളാണ്

(രണ്ടാംപേജിൽനിന്നും തുടർച്ച)

ലിൽക്കൂടെ ഒഴുകിപ്പോകുകയായിരുന്നു. നമ്മുടേതു യഥാർത്ഥമായ ഒരു ക്രൈസ്തവജീവിതമാണോയെന്നു നാം ചികഞ്ഞുനോക്കിയില്ല. ഞായറാഴ്ച പള്ളിയിൽപോകുകയും ആണ്ടുകുമ്പസാരം മുടക്കാതിരിക്കുകയും പള്ളിക്കുള്ള വിഹിതംകൊടുക്കുകയുംചെയ്താൽ യഥാർത്ഥ ക്രിസ്ത്യാനിയാകുമെന്നുള്ള തെററിദ്ധാരണയിൽ നാം കഴിയുകയായിരുന്നു. ഇവനല്ലതും വേണ്ടതുമാണ്. പക്ഷെ അവയെക്കാൾ പ്രധാനപ്പെട്ട ചിലതുകൂടിയുണ്ട്. നമ്മുടെ അംബരചുംബികളായ ദൈവാലയങ്ങളും മണിമേടകളുംകൊണ്ടുമാത്രം നാം സ്വർഗ്ഗപ്രാപ്തിക്കർഹരാകയില്ല. പ്രാസാദങ്ങളല്ല, പ്രസാദങ്ങളാണ് നമ്മെ സ്വർഗ്ഗത്തിലേക്കു നയിക്കേണ്ടത്. പ്രസാദം ലഭിക്കണമെങ്കിലോ ക്രിസ്തുവിന്റെ കല്പനകൾ അവശ്യം അനുവർത്തിക്കുകതന്നെവേണം. കത്തോലിക്കാ മതത്തെപ്പററിയുള്ള നമ്മുടെ അജ്ഞതയാണു നമ്മെ ആദ്ധ്യാത്മികജീവിതത്തിൽനിന്ന് ഇത്രത്തോളം അകററിക്കൊണ്ടുപോയതെന്ന് എനിക്കു തോന്നുന്നു. മതം എന്തെന്ന് അറിയാതെ, സെക്കുലർ വിദ്യാഭ്യാസത്തിൽ ആണ്ടുപോയ നമ്മിൽ ലൗകായതികത്വം വേരുറച്ചതിൽ അത്ഭുതപ്പെടാനില്ല.

അമേരിക്കയിൽനിന്നു സൗജന്യമായി കിട്ടിയ പാൽപ്പൊടി സാധുക്കൾക്ക് വിതരണം ചെയ്തതായി നിങ്ങളുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. അതൊരു നല്ല സേവനമാണ്. അമേരിക്കൻ പാൽപ്പൊടി മണിമന്ദിരങ്ങളായും, ബെൻസ് ലോറികളായും, മോട്ടോർ കാറുകളായും മാറം മാറം രൂപാന്തരപ്പെട്ടിട്ടുള്ള ഈ നാട്ടിൽ, നിങ്ങളുടെ സേവനത്തെ അഭിനന്ദിക്കാതിരിക്കുന്നത് ഒരു കൃത്യവിലോപമായിരിക്കും. അമേരിക്കയിലെയും ജർമ്മനിയിലെയും കത്തോലിക്കരുടെ സാമ്പത്തിക സഹായംകൊണ്ടു നാം ഇവിടെ പല സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും കെട്ടിപ്പടുത്തിട്ടുണ്ട്. അമേരിക്കയിൽപോയ നമ്മുടെ ചില വൈദികർ ഇനിയും മടങ്ങിവരാൻ കൂട്ടാക്കുന്നില്ലെന്നു കേൾക്കുന്നു. ചിലർ പാസ്പോർട്ട് കിട്ടാത്തതുകൊണ്ട് ക്ലേശിച്ചിരിക്കുകയാണ്. പക്ഷേ ഞാനൊന്നു ചോദിക്കട്ടെ. നമുക്ക് സംഭാവന നൽകുന്ന അമേരിക്കൻ കത്തോലിക്കരെക്കാൾ താരതമ്യേന സമ്പന്നരായ കേരള കത്തോലിക്കർ ഏതേതു് രാജ്യങ്ങളിലെ ഏതേതു് സ്ഥാപനങ്ങൾക്കാണ് ധനസഹായം ചെയ്യുന്നത്? നാം ഇന്നു രണ്ടു കൈയും നീട്ടി വാങ്ങുന്ന ഈ സംഭാവനകൾ അധികവും നമ്മെക്കാൾ ദരിദ്രരായ സഹോദരന്മാരാണ് നമുക്കയച്ചുതരുന്നതെന്ന പരമാർത്ഥം നാം വിസ്മരിക്കരുത്.

എട്ടുലക്ഷവും പത്തുലക്ഷവും രൂപാ ചെലവാക്കി വീടുവെച്ചു താമസിക്കുന്ന ഭാഗ്യശാലികൾ നമ്മുടെ ഇടയിലുണ്ട്. ഞാൻ ആലോചിക്കാറുണ്ട്, അതിൽ ഒരു ലക്ഷം രൂപാ കുറച്ച് ആ തുകകൊണ്ട് പത്തിരുപതു വീടുപണിത് പാവങ്ങൾക്കു കൊടുത്താൽ സ്വർഗ്ഗത്തിലുള്ള അവരുടെ നിക്ഷേപം കുറഞ്ഞുപോകുമായിരുന്നോ എന്ന്! നൂറിന്റെയും ഇരുനൂറിന്റെയും സാരിവാങ്ങി ധരിക്കുന്ന നമ്മുടെ ഭാഗ്യശാലിനികൾ, അതിൽ ഒരു പത്തു ക. കുറച്ച് ആ തുകകൊണ്ട് വസ്ത്രമില്ലാത്ത ഒരു പാവപ്പെട്ട സ്ത്രീക്ക് തുണിവാങ്ങിക്കൊടുത്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു! സ്ത്രീധനം നിയമപ്രകാരം നിരോധിക്കപ്പെട്ടപ്പോൾ നമ്മുടെ ഇടയിൽ സ്ത്രീധനം ഇരുപതിനായിരവും നാല്പതിനായിരവും അതിലധികവുമായി വർദ്ധിച്ചിരിക്കുകയാണ്. ആഭരണങ്ങൾക്കും വസ്ത്രങ്ങൾക്കും സദ്യകൾക്കുമായി പ്രായേണ ആ സംഖ്യ ചെലവാക്കുകയും ചെയ്യുന്നു. പക്ഷേ ആ മംഗളഘട്ടത്തിൽ എത്ര പാവങ്ങളെ നാം ഓർക്കുന്നു? പാവങ്ങളെ സഹായിക്കുവാൻ നമുക്ക് ഇല്ലാതിരിക്കുന്നതു പണമല്ലാ, സന്മനസ്സാകുന്നു.

നിങ്ങളോടൊരു ചോദ്യം

ഞാൻ നിങ്ങളോടൊന്നു വിനീതമായി ചോദിക്കുകയാണ്. നിങ്ങളുടെ പള്ളിയിലെ പ്രധാനതിരുനാൾ ആസന്നമായിരിക്കുകയാണല്ലോ. ഈ പ്രധാന തിരുനാളിനു ശരാശരി അമ്പതിനായിരം ക. നടവരവുണ്ടെന്നാണ് എന്റെ അറിവ്. (പള്ളിക്കു പാട്ടമായി കിട്ടുന്ന പത്തൊരായിരപ്പറ നെല്ലിനും മററു വരുമാനങ്ങൾക്കും പുറമെയുള്ള വരവാണിത്.) ഇതുപോലെ നടവരവുള്ള അനേകം ദൈവാലയങ്ങൾ കേരളത്തിലുണ്ട്. ഇടപ്പള്ളി, മലയാററൂർ, അരുവിത്തുറ, അതിരമ്പുഴ, കൊരട്ടി, കാഞ്ഞൂർ, കുറവിലങ്ങാട്, വല്ലാർപാടം, കാഞ്ഞിരപ്പള്ളി, അർത്തുങ്കൽ, ഒല്ലൂർ, പാവറട്ടി മുതലായവ ഉദാഹരണങ്ങൾ. 'നിങ്ങൾക്കു സൗജന്യമായി കിട്ടി: നിങ്ങളും സൗജന്യമായി കൊടുക്കുവിൻ' (മത്താ: 10, 8) എന്നാണല്ലോ നമ്മുടെ കർത്താവ് അരുളിച്ചെയ്തിട്ടുള്ളത്. നിങ്ങൾക്കു സൗജന്യമായി ലഭിക്കുന്ന ഈ വരവുകൊണ്ട് നിങ്ങൾ എന്തെന്തു സൗജന്യങ്ങൾ കാണിക്കുന്നു എന്ന് എനിക്കറിഞ്ഞുകൂടാ? നിങ്ങൾ പ്രതിവർഷം എത്ര പാവപ്പെട്ടവർക്കു വീടുവെച്ചുകൊടുക്കുന്നു; എത്ര അനാഥർക്ക് ആഹാരം നൽകുന്നു; എത്ര നഗ്നരെ ഉടുപ്പിക്കുന്നു, എത്ര ദരിദ്രരെ സഹായിക്കുന്നു, എന്നൊന്നും എനിക്കറിഞ്ഞുകൂടാ. അവ ധാരാളമായി ഉണ്ട് എന്നു ഞാൻ ഊഹിക്കുകയാണ്. കാരണം, അവസാന വിധിദിവസം ശരിക്കും കണക്കുപറയേണ്ടിവരുന്ന ഒരു വരവാണല്ലോ ഇത്. ആ താലേന്തിന്റെ ഉപമ നിങ്ങൾക്കറിയാം. തനിക്കു ഭാരമേല്പിക്കപ്പെട്ടിരുന്ന നാണയം വർദ്ധിപ്പിക്കാതിരുന്ന ഭൃത്യനെ പുറമേയുള്ള അന്ധകാരങ്ങളിലേക്കു തള്ളുവാനാണ് യജമാനൻ കല്പിച്ചത്. (മത്താ: 25, 14-30)

നിങ്ങൾ ഇടവക വകയായി ഒരു കോളേജ് സ്ഥാപിക്കുവാൻ പോകുകയാണെന്നു പത്രങ്ങളിൽനിന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ഏതാനും കൊല്ലം മുൻപു കേരളത്തിലെ ഒരു കത്തോലിക്കാ ഇടവകയോഗം, പള്ളിയിൽ കെട്ടിയിരുപ്പുള്ള സ്വർണ്ണമുപയോഗിച്ച് ഒരു രൂപക്കൂട് പണിയുവാൻ അനുവാദത്തിനു വൈദികാദ്ധ്യക്ഷനെ സമീപിച്ചതായി എനിക്കറിയാം. അതോടുപമിക്കുമ്പോൾ നിങ്ങളുടേത് എത്രയോ പ്രശംസനീയമായ ഒരു തീരുമാനം. കഴിവുള്ളവരൊക്കെ കോളേജ് സ്ഥാപിക്കുന്ന ഈ കാലഘട്ടത്തിൽ നിങ്ങൾ അങ്ങനെ ചെയ്യാതിരിക്കുന്നതു മോശവുമായിരിക്കുമല്ലോ. ഇപ്പോൾ തന്നെ തൊഴിലില്ലായ്മയുടെ ദൂഷ്യഫലങ്ങൾ ധാരാളമുള്ള ഇവിടെ, പുതിയ കോളേജ് അതു വർദ്ധിപ്പിക്കുകയില്ലെന്നു നമുക്കുവിശ്വസിക്കാം. പുതിയ കോളേജിൽ പ്രിൻസിപ്പലാകുന്നതിനും പ്രൊഫസർമാരാകുന്നതിനും ആളുകൾ ഇപ്പോൾതന്നെ തയാറെടുത്തുവരുന്നുണ്ടായിരിക്കുമല്ലോ. അവരെ നിരാശപ്പെടുത്താതിരിക്കുകയാണല്ലോ നല്ലത്. ആ കോളേജിൽ മതപഠനത്തിനു വലിയ സ്ഥാനമൊന്നും ഉണ്ടായിരിക്കയില്ലെങ്കിലും, നിരീശ്വരത്വവും കമ്മ്യൂണിസവും അവിടെ പഠിപ്പിക്കപ്പെട്ടാലും, അതൊരു കത്തോലിക്കാ കോളേജാണെന്ന് നമുക്കഭിമാനിക്കുകയും ചെയ്യാം.

ദൈവത്തിന്റെ വാക്കുകൾ

ദൈവത്തിന്റെ ദത്തുപുത്രന്മാരും ക്രിസ്തുവിൽ നമ്മുടെ സഹോദരന്മാരുമായ, ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ അംഗങ്ങളായ, പാവപ്പെട്ടവർക്കും ദരിദ്രർക്കും വേണ്ടി സേവനം ചെയ്യുന്നതിനുള്ള ഒരു പാധിയായിട്ടാണ് നമ്മുടെ കഴിവുകളെ നാം കണക്കാക്കേണ്ടത്. കത്തോലിക്കാസഭയുടെ സാമൂഹ്യപഠനം തന്നെ സമ്പന്നന്മാർ സ്വധനത്തിന്റെ ട്രസ്റ്റികളാണെന്നുള്ളതാണ്. ട്രസ്റ്റി, തന്റെ ഭരണത്തിനേല്പിക്കപ്പെട്ടിരിക്കുന്ന സ്വത്തു നീതിപൂർവ്വം കൈകാര്യംചെയ്യുവാൻ ബാദ്ധ്യസ്ഥനാണല്ലോ. പക്ഷെ ഇതുസംബന്ധിച്ചു സഭയുടെയോ ദൈവത്തിന്റെയോ പഠനങ്ങൾ എന്താണെന്നു നമുക്കറിഞ്ഞുകൂടാ. എന്താണെന്ന് നമ്മെ ആരും പഠിപ്പിച്ചിട്ടില്ല; എന്താണെന്ന് അറിയുവാൻ നാമൊട്ടുത്സാഹിക്കുന്നുമില്ല. ധനവാന്മാരോടു ദൈവം പറഞ്ഞിരിക്കുന്നത് എന്താണെന്നു കേൾക്കണമൊ?

"നീ പരദേശികളെ ഉപദ്രവിക്കുകയൊ ദുഃഖിപ്പിക്കുകയൊ ചെയ്യരുത്. വിധവകളെയൊ അനാഥക്കുട്ടികളെയൊ നീ ഉപദ്രവിക്കരുത്. നിങ്ങൾ അവരെ ദ്രോഹിക്കുകയും, അവർ എന്റെ അടുക്കൽ അഭയം തേടുകയും ചെയ്താൽ ഞാൻ അവരുടെ നിലവിളി ചെവിക്കൊള്ളും. അപ്പോൾ എന്റെ കോപം ജ്വലിക്കും... നിങ്ങളുടെ ഭാര്യമാർ വിധവകളും നിങ്ങളുടെകുട്ടികൾ അനാഥരുമായിഭവിക്കും. നിന്നോടുകൂടി വസിക്കുന്ന എന്റെ ദരിദ്രജനത്തിൽ ആർക്കെങ്കിലും നീ പണം കടം കൊടുക്കുന്നെങ്കിൽ ഒരു കവർച്ചക്കാരനെപ്പോലെ നീ അവനോടുവർത്തിക്കരുത്." (പുറ: 22, 21-25)

'നീവയലിൽ നിന്റെ വിളവെടുത്തിട്ടു ഒരു കററ അവിടെ മറന്നിട്ടേക്കുന്നെങ്കിൽ അതു് എടുക്കാൻ തിരികെ പോകരുത്. നിന്റെ എല്ലാ കൈവേലകളിലും ദൈവമായ കർത്താവു നിന്നെ അനുഗ്രഹിക്കേണ്ടതിനു പരദേശിയൊ അനാഥനൊ വിധവയൊ അതെടുക്കുന്നതിന് അനുവദിക്കുക. ഒലിവുമരങ്ങളുടെ ഫലങ്ങൾ ശേഖരിക്കുമ്പോൾ മരത്തിൽ ശേഷിച്ചിട്ടുള്ളതു പറിക്കുവാൻ നീ തിരികെപ്പോകരുത്. അതു പരദേശിക്കും അനാഥനും വിധവയ്ക്കുമായി ഇട്ടുംവച്ചുപോരുക. നിന്റെ മുന്തിരിത്തോട്ടത്തിലെപഴങ്ങൾ ശേഖരിക്കുമ്പോൾ വല്ലതും അവശേഷിച്ചിട്ടുണ്ടെങ്കിൽഅവ പറിക്കുവാൻ നീ തിരികെ ചെല്ലരുത്. അതുപരദേശിക്കും അനാഥനുമായിരിക്കട്ടെ.' (ആവ: 24, 16-20)

'വേലക്കാരന്റെ കൂലി ഉഷസ്സുവരെ നിന്റെ പക്കൽ രാപാർക്കരുത്' (ആചാര്യ: 19, 13) 'നിന്റെ സഹോദരന്മാരിലോ നിന്റെ പട്ടണത്തിലെ പരദേശിയിലൊ ഉള്ള ദരിദ്രന്റെയും അഗതിയുടേയും കൂലി നീ വഞ്ചിക്കരുത്. പിന്നെയൊ അവൻ നിനക്കു വിരോധമായി കർത്താവിനെ വിളിച്ചപേക്ഷിക്കുകയും, അതു നിനക്കു പാപമായിത്തീരുകയും ചെയ്യാതിരിക്കുവാൻ അവന്റെകൂലി അന്നുതന്നെ നീ അവനു കൊടുക്കണം. സൂര്യൻ അതിന്മേൽ അസ്തമിക്കരുത്. അവൻ ദരിദ്രനാണല്ലോ' (ആവ:24, 13-14) 'ഒരു മനുഷ്യൻ നിനക്കുവേണ്ടി എന്തെങ്കിലും വേലചെയ്താൽ ഉടൻ തന്നെ അവന്റെ കൂലി അവനു കൊടുക്കുക. വേലക്കാരന്റെ കൂലി നിന്റെപക്കൽ ആയിരിക്കുവാൻ ഇടയാകാതിരിക്കട്ടെ' (തോബി: 4,5) 'ഇതാ നിങ്ങളുടെ നിലങ്ങൾ കൊയ്ത വേലക്കാർക്കുള്ളതും നിങ്ങൾ കൊടുക്കാതിരുന്നതുമായ കൂലി നിലവിളിക്കുന്നു; കൊയ്ത്തുകാരുടെനിലവിളി സൈന്യങ്ങളുടെ കർത്താവിന്റെ ചെവികളിൽ എത്തിയിരിക്കുന്നു.' (യാക്കോ: 5,4)

'അനാഥരേയും വിധവകളേയും അവരുടെ ഞെരുക്കങ്ങളിൽ സന്ദർശിക്കുകയും, ഒരുവൻ ലോകത്തിൽനിന്നു തന്നെത്തന്നെ കളങ്കമില്ലാതെ കാത്തുകൊള്ളുകയും ചെയ്യുകയെന്നതാകുന്നു പിതാവായദൈവത്തിന്റെ സന്നിധിയിൽ നിർമ്മലവും പരിശുദ്ധവുമായ ശുശ്രൂഷ' (യാക്കോ 1. 27). 'കരുണ പ്രവർത്തിക്കാത്തവന്റെമേൽ കരുണയില്ലാത്ത വിധി ഉണ്ടാകും.. ഒരുവൻ എനിക്കു വിശ്വാസമുണ്ട് എന്നു പറയുകയും അവനു പ്രവൃത്തികൾഇല്ലാതിരിക്കുകയും ചെയ്താൽ എന്തു് പ്രയോജനം? അവന്റെ വിശ്വാസത്തിനു് അവനെ രക്ഷിക്കുവാൻ കഴിയുമോ? ഒരു സഹോദരനൊ സഹോദരിയൊ നഗ്നരായും അവർ വൃത്തിക്കു വകയില്ലാത്തവരായും ഇരിക്കുകയും, നിങ്ങളിൽ ഒരാൾ അവരോടു നിങ്ങൾ സമാധാനത്തോടുകൂടി പോയി തീ കാഞ്ഞ് തൃപ്തരാകുവിൻഎന്നു പറയുകയും, ശരീരത്തിന്റെ ആവശ്യത്തിനുവേണ്ടതു അവർക്കു കൊടുക്കാതിരിക്കുകയും ചെയ്താൽ എന്തു പ്രയോജനം? അപ്രകാരം തന്നെ പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം തനിയെ ചത്തതാകുന്നു." (യാക്കോ: 2, 13-17)

വിശുദ്ധ യോഹന്നാൻ ശ്ലീഹായുടെ വാക്കുകളിൽ ഈ ഭാഗം അവസാനിപ്പിക്കട്ടെ. 'ദൈവത്തിന്റെ മക്കൾ സാത്താന്റെ മക്കളിൽനിന്ന് ഇതിനാൽ വേർതിരിക്കപ്പെടുന്നു: നീതി പ്രവർത്തിക്കാതെയും സ്വന്ത സഹോദരനെ സ്നേഹിക്കാതെയും ഇരിക്കുന്ന ഒരുവനും ദൈവത്തിൽനിന്നുള്ളവനല്ല.....നാം മരണത്തിൽനിന്നു ജീവനിലേക്കു മാറിയിരിക്കുന്നുവെന്നു നമ്മുടെ സഹോദരന്മാരെ നാം സ്നേഹിക്കുന്നു എന്നതുകൊണ്ടു നാം അറിയുന്നു....ലൗകികസമ്പത്ത് ഉണ്ടായിരിക്കയും, മുട്ടുപാടുള്ള തന്റെ സഹോദരനെ കാണുകയും, അവനോടു കരുണ തോന്നാതിരിക്കുകയും ചെയ്യുന്നവനിൽ ദൈവസ്നേഹം ഉണ്ടായിരിക്കുന്നതെങ്ങനെ? വാക്കുകളാലും നാവിനാലുമല്ല, പ്രവൃത്തികളാലും സത്യത്തിലും അന്യോന്യം സ്നേഹിക്കുക.' [I യോഹ: 3, 10-18)

കേരള കത്തോലിക്കർ

ഇന്നത്തെ ഇൻഡ്യൻ എക്സ്പ്രസ് പത്രത്തിൽ, മുൻപ് ബോംബെ മെത്രാപ്പോലീത്തയായിരുന്ന ആർച്ച്ബിഷപ്പ് തോമസ് ഡി റോബർട്ട്സ് എസ്. ജെ. യുമായുള്ള ഒരു അഭിമുഖസംഭാഷണം പ്രസിദ്ധം ചെയ്തിട്ടുണ്ട്. കത്തോലിക്കർ അകത്തോലിക്കരാകുന്നതു പൊടുന്നനെയും പ്രകടമായുമല്ലെന്ന് അതിൽ അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആദ്യം കത്തോലിക്കർ കത്തോലിക്കാവിരുദ്ധമായ പ്രവൃത്തികളിലേർപ്പെടുന്നു; ക്രമേണ ആ പാപങ്ങൾ പറയാതെ കുമ്പസാരിക്കുന്നു; പിന്നീടു പള്ളിയിൽ മുറയ്ക്കുവരാതെയും പ്രാർത്ഥനകൾ പൊല്ലാതെയുമാകുന്നു. അങ്ങനെ സഭയുമായുള്ള സജീവമായ ബന്ധം വിച്ഛേദിക്കുന്നു. അതേസമയം സാമൂഹ്യമായ കെട്ടുപാടുകൾക്കായി താൻ ഒരു കത്തോലിക്കനാണെന്നു ഭാവിച്ചുനടക്കുകയും ചെയ്യുന്നു. ഈ ഒടുവിൽ പറഞ്ഞ നിലയിലേക്കു കേരളീയ കത്തോലിക്കർ എത്താതിരിക്കട്ടെയെന്നു നമുക്കു പ്രാർത്ഥിക്കാം.

സമുദായഗാത്രത്തിന്റെ വ്രണിതമായ വശം ഇത്ര വിസ്തരിച്ചു കാണിച്ചതു് ഒരു വസ്തുത നിങ്ങളെ മനസ്സിലാക്കുവാനാണ്. അതായതു ഈ അധഃപ്പതനാവസ്ഥ വന്നുചേർന്നതു മതാനുശാസനങ്ങളെന്തെന്നു മനസ്സിലാക്കാത്തതുകൊണ്ടാണെന്നും, അതിനാൽ മതപഠനത്തിൽ കൂടുതൽ ശ്രദ്ധ കാണിക്കേണ്ടതു സമുദായത്തിന്റെ നിലനില്പിനുതന്നെ അത്യന്താപേക്ഷിതമാണെന്നും ചൂണ്ടിക്കാണിക്കുവാൻ. ഇവിടുത്തെ ചെറുപ്പക്കാർ ഈ ഒരു നല്ല പന്ഥാവിലേക്ക് തിരിഞ്ഞിരിക്കുന്നതിൽ അവരെ ഞാൻ അനുമോദിക്കുന്നു. വേദാദ്ധ്യയനത്തിനു പുറമെ സാമൂഹ്യസേവനപരമായ രംഗങ്ങളിലും അവർ പ്രവൃത്തിനിരതരാണെന്നു കാണുന്നതു സന്തോഷാവഹംതന്നെ. പക്ഷെ അവരുടെ ഈ തീഷ്ണത മന്ദീഭവിച്ചുപോകരുതല്ലോ. അതിന് അവർക്കു കൂടുതൽകൂടുതൽ പ്രോത്സാഹനം നൽകുന്നതിനും, അദ്ധ്യേതാക്കളെ കൂടുതൽകൂടുതലായി വേദപാഠക്ലാസ്സുകളിലേക്കാകർഷിക്കുന്നതിനും അധികാരികൾ വേണ്ടതു ചെയ്യുമെന്ന് നമുക്കു പ്രത്യാശിക്കാം.

പക്ഷെ ഇതിനു അഖിലകേരളീയമായ ഒരു പദ്ധതിതന്നെ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. പാഠ്യപദ്ധതിക്കു ഒരു സമൂലമായ പരിഷ്ക്കാരം വരുത്തണം. മതാദ്ധ്യാപകന്മാർക്കു സമ്മർക്ലാസ്സുകൾവഴിയോ മററുവിധത്തിലോ പരിശീലനം നൽകണം. അങ്ങനെ സമ്മർക്ലാസ്സുകളിൽ സംബന്ധിച്ചു ഡിപ്ലോമാ സമ്പാദിക്കുന്നവർക്കു സ്കൂളുകളിലും കോളേജുകളിലുമുള്ള നിയമനങ്ങളിൽ മുൻഗണന നൽകണം. കത്തോലിക്കാ വിദ്യാലയങ്ങളിലും കോളേജുകളിലും മതപഠനത്തിനു കൂടുതൽ പ്രാധാന്യം അനുവദിക്കണം. പൊതുവായി നടത്തപ്പെടുന്ന മതപഠനപരീക്ഷയിൽ നിശ്ചിതശതമാനം മാർക്കു കിട്ടാത്തവരെ കത്തോലിക്കാ സ്കൂളുകളിലും കോളേജുകളിലും അദ്ധ്യാപകരായി നിയമിക്കുകയില്ലായെന്നു മുറുകെപ്പിടിച്ചാൽ വേദാദ്ധ്യയനത്തിൽ കൂടുതൽ ശുഷ്ക്കാന്തി പ്രകടമാകാതിരിക്കുകയില്ല. ഈ വിഷയത്തിൽ വിദഗ്ദ്ധരായ ഏതാനുംപേർ ഒരുമിച്ചിരുന്നു ആലോചിച്ചാൽ പ്രായോഗികമായ ഒരു പദ്ധതി രൂപപ്പെടുത്തുവാൻ പ്രയാസമുണ്ടാകയില്ല. അതൊരു ആവശ്യമാണെന്നു വേണ്ടപ്പെട്ടവർക്കു തോന്നണമെന്നേയുള്ളു. (അവസാനിച്ചു)

....

ഘോഷും കാമരാജും ഏററു മുട്ടാൻ ഒരുങ്ങിനില്ക്കുന്നു

കോൺ: പാളയത്തിൽ പടയൊരുക്കം

ന്യൂഡെൽഹി, മെയ് 6

ന്യൂഡൽഹിയിലെ ജന്തർമന്തർ റോഡിൽ സ്ഥിതിചെയ്യുന്ന സെക്രട്ടേറിയററിന്റെ പ്രശാന്തതയും പ്രൗഢിയുമൊക്കെ ഇന്നു പഴയ സംഭവങ്ങളായിത്തീർന്നുകൊണ്ടിരിക്കയാണ്. ഈ അടുത്ത കാലത്തുണ്ടായ ചില സംഭവങ്ങൾ അന്തരീക്ഷത്തെയാകെ പുകപിടിപ്പിച്ചിരിക്കുന്നു. പാർട്ടി സിൻഡിക്കേററിനെ രണ്ടായി പിളർക്കാൻതന്നെ ഈ പ്രവണതവഴിതെളിയിക്കയില്ലേയെന്നുവരെപ്പലരും സംശയിച്ചു തുടങ്ങിയിട്ടുണ്ട്.

എ. ഐ. സി. സി. യുടെ സ്ഥിരം സെക്രട്ടറി ഭവാനി പ്രസാദ് ബാനർജ്ജി രാജിവെയ്ക്കുകയും ശ്രീ. പട്കി തൽസ്ഥാനം ഏറെറടുക്കുകയും ചെയ്തിരിക്കുന്നു. എന്തുകൊണ്ട് ശ്രീ. ഭവാനി പ്രസാദ് ഇത്ര തിടുക്കത്തിൽ രാജിവെയ്ക്കേണ്ടിവന്നു. ഒട്ടേറെ ഭാഷ്യങ്ങൾ ഇതെക്കുറിച്ച് പ്രചാരത്തിലുണ്ടെങ്കിലും സിൻഡിക്കേററിന്റെ നേതൃത്വങ്ങളിലൊരാളായ ശ്രീ. അതുല്യഘോഷിന്റെ ദൃഷ്ടിയിൽ ശ്രീ. ഭവാനി പ്രസാദ് തന്റെ ജോലിക്ക് അർഹനല്ലെന്നുള്ളതാണ് രാജിയുടെ പിന്നിലെ നിർണ്ണായകഘടകം എന്നറിയുന്നു.

കഴിഞ്ഞ കുറെക്കാലങ്ങളായി ശ്രീ അജയഘോഷിന്റെ ഉത്തമതോഴനും എ. ഐ. സി. സി. സെക്രട്ടറിയുമായ ശ്രീ മനേയനും സ്ഥിരം സെക്രട്ടറി ഭവാനി പ്രസാദ് ബാനർജ്ജിയും തമ്മിൽ ചില വടംവലികൾ നടക്കുന്നുണ്ടായിരുന്നുവെന്നും ഈ അടുത്ത കാലത്തു് അതു് ഒരു തുറന്ന സമരത്തിലേക്കു നീങ്ങിയെന്നുമാണറിയുന്നതു്. ശ്രീ. ബാനർജ്ജിയുടെ അനുസരണക്കേടിനെക്കുറിച്ച്, മനേയൻ കാമരാജുൾപ്പെടെയുള്ള നേതാക്കന്മാരോട് പരാതിപ്പെടുകയും സ്ഥിരം സെക്രട്ടറി ബാനർജ്ജി, ശ്രീ. മനേയനോട് മാപ്പു ചോദിച്ചു പ്രശ്നം അവസാനിപ്പിക്കണമെന്ന് ശ്രീ. കാമരാജ് നിർദ്ദേശിക്കയും ചെയ്തു. ശ്രീ. മനേയൻ ഈ നിർദ്ദേശത്തെ അനുകൂലിക്കാൻ തയ്യാറായിരുന്നുവെങ്കിലും ശ്രീ. അതുല്യഘോഷ് "കണ്ണിനു കണ്ണു്; പല്ലിനു പല്ല്" എന്ന തന്റെ തത്വത്തിൽ ഉറച്ചു നില്ക്കുകയാണുണ്ടായത്. ബാനർജ്ജിയുടെ രാജിയിൽ കുറഞ്ഞ യാതൊന്നും സ്വീകരിക്കാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. കാമരാജ് ഈ വാദത്തിനു് തലകുനിച്ചു കൊടുക്കേണ്ടിവന്നു. സ്വന്തം അഭിമാനം സംരക്ഷിയ്ക്കാൻവേണ്ടി ശ്രീ. ബാനർജ്ജി രാജി സമർപ്പിക്കയും ചെയ്തു.

വിയററ്നാമിനെക്കുറിച്ച് എ. ഐ. സി. സി. എക്കണോമിക്ക് റിവ്യൂവിൽ പ്രസിദ്ധീകരിച്ച ഒരു മുഖപ്രസംഗമാണ് കോളിളക്കമുണ്ടാക്കിയ മറെറാരു സംഭവം. കോൺഗ്രസ്സ് ഹൈക്കമാണ്ടിന്റെ ചിന്താഗതിക്കു തികച്ചും നിരക്കാത്ത ഒന്നായിരുന്നു ഈ മുഖപ്രസംഗം. സിൻഡിക്കേററിലെ ഘോഷ് ഗ്രൂപ്പിൽപ്പെട്ട ഒരാളാണ് ഇത്തരമൊരു മുഖപ്രസംഗം പ്രസിദ്ധീകരിച്ചതിനുത്തരവാദിയെന്നറിയുന്നു. ഇത്ര നിരുത്തരവാദിത്വപരമായ ഒരു സംഭവത്തിനുത്തരവാദിയായ അംഗത്തെ കണ്ടുപിടിച്ചു തക്കതായ നടപടിയെടുക്കേണ്ടതാണെന്ന് ശ്രീ. കാമരാജ് ശക്തിയായി വാദിക്കയുണ്ടായി. എന്നാൽ ഘോഷിന്റെ സമ്മർദ്ദംമൂലം കാമരാജ് തന്റെ വാദത്തിൽനിന്നും പിന്നോക്കംപോകാൻ നിർബ്ബന്ധിതനായിത്തീർന്നിരിക്കയാണത്രെ. എങ്കിലും ഗവണ്മെണ്ടിലെ ഉത്തരവാദിത്വമുള്ള ഒരുദ്യോഗസ്ഥനെക്കൊണ്ടു് എഴുതിച്ച ഒരു മുഖപ്രസംഗം അടുത്ത ലക്കം എക്കണോമിക്ക് റിവ്യൂവിൽ പ്രസിദ്ധീകരിക്കാൻ കാമരാജ് വേണ്ട നിർദ്ദേശം കൊടുത്തിരിക്കയാണെന്നറിയുന്നു. വിയററ്നാമിനെക്കുറിച്ചുള്ള കോൺഗ്രസ്സ് നിലപാട് വ്യക്തമാക്കാൻ ഇതു സഹായിക്കുമെന്നാണദ്ദേഹം കരുതുന്നതു്.

ഇങ്ങനെ ഒട്ടനേകം അനാശാസ്യസംഭവങ്ങൾ കോൺഗ്രസ്സിന്റെ ഹൃദയസ്ഥാനമായ പാർട്ടി സെക്രട്ടേറിയററിൽ നടക്കുന്നുണ്ട്. വളരെ പ്രാധാന്യമർഹിക്കുന്നവയും ആശങ്കാജനകവുമാണിവയെല്ലാം. പിൻബലത്തിലും പ്രശസ്തിയിലും കാമരാജിനേക്കാൾ മുമ്പനാണെന്നു സമർത്ഥിക്കാൻ ശ്രീ. അജയഘോഷ് കിണഞ്ഞു പരിശ്രമിക്കുന്നുവെന്നുവേണം കരുതപ്പെടാൻ. കാമരാജും ശാസ്ത്രിയുമായുള്ള അടുപ്പം ഘോഷിനെ അവഗണിക്കാൻ വഴി തെളിക്കുമെന്നദ്ദേഹത്തിനു് നിർബ്ബന്ധമുണ്ട്. സിൻഡിക്കേററിലെ ഘോഷ് ഗ്രൂപ്പിന്റെ ശക്തി നിലനിറുത്തുകയെന്നതാണദ്ദേഹത്തിന്റെ ലക്ഷ്യം. ഏതായാലും കാമരാജും അജയഘോഷും തമ്മിലുള്ള വടംവലി ആസന്നഭാവിയിൽ ഒരു തികഞ്ഞ ബലപരീക്ഷയായി മാറുമെന്നാണ് നിരീക്ഷകർ കരുതുന്നതു്. (യു. പി. എസ്)

....

കാത്തലിക്ക് സിറിയൻ ബാങ്ക് എംപ്ലോയീസ് യൂണിയൻ

പ്രഥമ വാർഷികം മെയ് 8, 9 തീയതികളിൽ

[സ്വ. പ്ര] തൃശ്ശൂർ, മെയ് 6

കാത്തലിക്ക് സിറിയൻ ബാങ്ക് എംപ്ലോയീസ് യൂണിയന്റെ പ്രഥമ വാർഷിക സമ്മേളനം മെയ് 8, 9 തീയതികളിൽ തൃശ്ശൂർ ടൌൺഹാളിൽവെച്ച് നടത്തപ്പെടുന്നതാണ്.

അഖിലകേരള ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ എറണാകുളം ജില്ലാ ചെയർമാൻ ശ്രീ. പി. എ. ഐസക്കിന്റെ അദ്ധ്യക്ഷതയിൽ മെയ് 8-ാംനു ശനിയാഴ്ച ഉച്ചതിരിഞ്ഞ് 4-30-നു് ചേരുന്ന പൊതുസമ്മേളനം പ്രൊഫ. ജോസഫ് മുണ്ടശ്ശേരി ഉൽഘാടനം ചെയ്യും.

ഐ. കെ. ടി. അച്യുതൻ, ടി. സി. എൻ. മേനോൻ എന്നിവർ പ്രസംഗിക്കും. യോഗത്തിൽ പല പ്രമുഖ ട്രെയിഡ് യൂണിയൻ നേതാക്കളും സംബന്ധിക്കുന്നതാണ്.

യോഗാനന്തരം രാത്രി 9-30നു് കൊച്ചിൻ കലാക്ഷേത്രം "ലാവ" എന്ന മലയാള സാമൂഹ്യ സംഗീതനാടകം അവതരിപ്പിക്കും.

.....o.....

അതിരൂപതാ അടിസ്ഥാനത്തിൽ കായിക കലാമൽസരം

[സ്വ. ലേ.) ചങ്ങനാശ്ശേരി, മേ. 6

അഖില കേരള ചെറുപുഷ്പ മിഷ്യൻ ലീഗിന്റെ കോട്ടയത്തുവെച്ച് നടക്കുവാൻ പോകുന്ന 18-ാമതു വാർഷികത്തോടനുബന്ധിച്ച് ചങ്ങനാശേരി അതിരൂപതാ മിഷ്യൻ ലീഗിന്റെ അടിസ്ഥാനത്തിലുള്ള കായികകലാ മൽസരങ്ങൾ മെയ് 8-ാംതീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് ഒരു മണി മുതൽ സെൻറ് ബക്കുമാൻസ് ഹൈസ്കൂൾ ഗ്രൗണ്ടിലും ആഡിറേറാറിയത്തിലും വെച്ച് നടത്തുന്നതാണ്.

.....o.....

പലഹാരത്തിന്റെ ജൂബിലി

ബോംബെ, മെയ് 5

വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും ജൂബിലിയാഘോഷിക്കാറുണ്ട്. എന്നാൽ ഈയിടെ ബോംബെയിൽ ഒരു പലഹാരത്തിന്റെ സുവർണ്ണജൂബിലിയാഘോഷിച്ചിരിക്കുന്നു.

ഭേൽപൂരി എന്നു് ബോംബെയിൽ പ്രസിദ്ധമായ ഈ പലഹാരം കാഞ്ചീപുരം ഇഡ്ഡലിയും, മൈസൂർ ബോണ്ടയുംപോലെ പേരുകേട്ടതാണ്. ചൗപതിയിലെ വിശാലമായ മണൽപ്പുറത്തുവച്ചാണ് വർണ്ണശബളമായ ജൂബിലിയാഘോഷങ്ങൾ നടന്നതു്. 50 കൊല്ലം മുമ്പ് ശങ്കർലാൽ ബോൺലാൽ ശർമ്മ എന്ന ഒരു രാജസ്ഥാനീയാണ് ഈ പലഹാരം ബോംബെയിലാദ്യമായി പ്രചരിപ്പിച്ചതു്. ഇപ്പോൾ 90 വയസ്സുള്ള ഈ വൃദ്ധൻ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുക്കാൻവേണ്ടി വളരെ ദൂരം സഞ്ചരിച്ച് ബോംബെയിലെത്തുകയുണ്ടായി.

....

വായനശാലാവാർഷികം

ആട്ടോർ, മേ 4

ആട്ടോർ കലാദീപ വായനശാലയുടെ പതിനൊന്നാമതു് വാർഷികസമ്മേളനം ശ്രീ പി. ബാലകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്നിരിക്കുന്നു. പി. കെ. നാപ്പൻ എഴുത്തച്ഛൻ സ്വാഗതം പറഞ്ഞു. കെ. ഒ. അന്തോണി റിപ്പോർട്ട് വായിച്ചു. മെ. തേറമ്പിൽ രാമകൃഷ്ണൻ, സി. പി. താരു എന്നിവർ പ്രസംഗിച്ചു.

'പാപം ചെയ്യാത്തവൻ കല്ലെറിയട്ടെ' എന്ന സാമൂഹ്യസംഗീതനാടകം വായനശാലാംഗങ്ങൾ അവതരിപ്പിച്ചു.

—o—

ആസ്സാം ക്യാബിനററിൽ പോലും പാക്കചാരന്മാർ

മഴ ആരംഭിച്ചാൽ പാക്പട്ടാളം ആസ്സാം അതിർത്തിയിലേയ്ക്കു് മാർച്ചുചെയ്യുമെന്നു്

[യു. പി. എസ്] ന്യൂഡൽഹി, മെയ് 5

മൺസൂൺ ആരംഭിക്കുന്നതോടെ റാൺ ഓഫ് കച്ച് ജലപൂരിതമാവുമ്പോൾ ആസ്സാമതിർത്തിയിലേക്കു് പാക്കിസ്ഥാന്റെ ആക്രമണത്തിര നീളുമെന്നാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നതു്. റാൺ ഓഫ് കച്ചിൽ ഒരു യുദ്ധവിരാമസന്ധിയുണ്ടാക്കിയ ശേഷം ഒരു പുതിയ സ്ഥലത്ത് ആക്രമണമാരംഭിച്ച് ഇൻഡ്യയെ ബുദ്ധിമുട്ടിക്കാനുള്ള പരിപാടിയാണത്രെ പാക്കിസ്ഥാൻ ഇപ്പോൾ ആലോചിച്ചുവരുന്നതു്.

ലതീതില്ല-ഡുമബാരി-സുതാർക്കണ്ടി സെക്ടർ മുതൽ ജലപ്പൂർ-ഡോണാസെക്ടർവരെയുള്ള ആസ്സാം അതിർത്തിപ്രദേശത്തു് വൻതോതിലുള്ള പട്ടാളകേന്ദ്രീകരണവും ടാങ്കുകളുടെ പ്രവാഹവും ആരംഭിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടുണ്ട്.

അതിർത്തിക്കപ്പുറത്തു് ഇത്തരം യുദ്ധസന്നാഹം നടക്കുമ്പോൾ ഇൻഡ്യയുടെ ഭാഗത്തെ സജ്ജീകരണങ്ങൾ ഇന്നും തികച്ചും അപര്യാപ്തമായിട്ടാണു് കാണുന്നതു്. പാക്കിസ്ഥാന്റെ തടസ്സപ്പെടുത്തലുകൾമൂലം ഈ പ്രദേശത്തെ അതിർത്തി വേർതിരിച്ച് രേഖപ്പെടുത്താനുള്ള എല്ലാ ശ്രമങ്ങളും നിറുത്തിവച്ചിരിക്കയാണ്. സംസ്ഥാനമന്ത്രിസഭയിൽ വരെ നുഴഞ്ഞുകയറിയിട്ടുള്ള പാക്കിസ്ഥാനനുഭാവികളുടെ പ്രവർത്തനങ്ങൾമൂലം ഇൻറലിജൻസ് വകുപ്പുകാരുടെ എല്ലാ പ്രവർത്തനങ്ങളും ദുർബ്ബലമായിത്തീർന്നിരിക്കയാണ്. വൻതോതിലുള്ള പാക്കനുഴഞ്ഞുകയററങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽനിന്നു മറച്ചുപിടിക്കാൻ സംസ്ഥാനക്യാബിനററിലെ പാക്ക അനുഭാവികൾക്കു് കഴിഞ്ഞിട്ടുണ്ടെന്നാണ് കരുതേണ്ടിയിരിക്കുന്നതു്. ആഭ്യന്തരമന്ത്രി നന്ദ ആവിഷ്ക്കരിച്ച ചതുർമുഖ അതിർത്തി സംരക്ഷണപരിപാടി നടപ്പിലാക്കാതിരിക്കാൻ ഈ പാക്ക അനുഭാവികൾ മുഖ്യമന്ത്രി ചാലിഹയുടെ മേൽ അതിയായ സമ്മർദ്ദം ചെലുത്തുന്നതുകൊണ്ടു് ആസ്സാമിലേക്കുള്ളപാക്കനുഴഞ്ഞുകയററംനിർബ്ബാധം തുടർന്നുകൊണ്ടിരിക്കയാണിപ്പോഴും.

പാക്കിസ്ഥാൻ ചാരന്മാർ തുടർച്ചയായി തന്ത്രപ്രധാനമായ വിവരങ്ങൾ പാക്കിസ്ഥാനിലേക്ക് ട്രാൻസ്മിററു് ചെയ്യുന്നുണ്ടെന്നു യു. പി. എസ്സിനു് വിശ്വാസനീയമായ വിവരം ലഭിച്ചിട്ടുണ്ട്. ഗവണ്മെന്റിന്റെ ബലഹീനനയങ്ങളും ആസ്സാം അധികൃതരുടെ പിന്തുണയും പാക്കിസ്ഥാനിൽ പരിശീലനം ലഭിച്ച നാഗാകലാപകാരികളെ കൂടുതൽ ശക്തന്മാരാക്കിയിട്ടുണ്ട്. ചിററഗോംഗ് മലകളിൽ യുദ്ധസന്നാഹങ്ങൾ നടക്കുന്നുവെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്.

കാശ്മീർ കാര്യത്തിൽ ഇൻഡ്യയുടെ മേൽ സമ്മർദ്ദം ചെലുത്തുകയാണ് പാക്കിസ്ഥാന്റെ ഉദ്ദേശമെങ്കിലും, ആസ്സാമതിർത്തിയിലെ തന്ത്രപ്രധാനമായ പ്രദേശങ്ങൾ നഷ്ടപ്പെടുത്തുന്നതു് ആത്മഹത്യാപരമായിരിക്കുമെന്നാണ് തലസ്ഥാനത്തെ നയതന്ത്രകേന്ദ്രങ്ങൾ കരുതുന്നതു്.

.....o.....

ബി. ഡി. സി യോഗങ്ങൾ

തൃശ്ശൂർ, മെയ് 5

കൊടുങ്ങല്ലൂർ, മതിലകം, പഴയന്നൂർ, ഒല്ലശ്ശേരി, ചാലക്കുടി, അന്തിക്കാട്, ചാവക്കാട് എന്നീ ബ്ലോക്ക് ഡവലപ്മെന്റ് കമ്മിററികൾ യഥാക്രമം മേയ് 15, 17, 20, 22, 23, 29, 31 എന്നീ തീയതികളിൽ ഉച്ചതിരിഞ്ഞ് 3 മണിക്ക് റവന്യൂ ഡിവിഷനൽ ആഫീസർ ശ്രീ. ടി. അച്യുതമേനോന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുന്നതാണ്.

....

സോഷ്യൽ വർക്ക് ക്യാമ്പ് ആരംഭിച്ചു

(സ്വ. ലേ.) ചങ്ങനാശ്ശേരി, മേ. 6

കാത്തലിക്ക് സ്റ്റുഡൻറ്സ് യൂണിയൻ സോഷ്യൽ വർക്കു ക്യാമ്പ് ചെത്തിപ്പുഴ ആശ്രമത്തോടനുബന്ധിച്ചുള്ള കെട്ടിടത്തിൽ ആരംഭിച്ചിരിക്കുന്നു.

ചെത്തിപ്പുഴ സെൻറ് തോമസ് മെഡിക്കൽ മിഷ്യൻ ആശുപത്രി കാമ്പൗണ്ട്, ലവലിംഗ്, ഗാർഡൻ തുടങ്ങിയ പണികളാണ് ക്യാമ്പംഗങ്ങൾ ഏററെടുത്തു നടത്തുന്ന പ്രധാന ജോലികൾ.

ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിലുള്ള കോളേജുകളിൽനിന്ന് വിദ്യാർത്ഥികൾ ഈ ക്യാമ്പിൽ സംബന്ധിക്കുന്നുണ്ട്. പാളയംകോട്ട് കോളേജ് ലക്ചറർ റവ: ഫാ: കടവിൽ. എസ്. ജെ. യാണ് ക്യാമ്പു നിയന്ത്രിക്കുന്നതു്.

—o—

കേരളാ കോൺ: യോഗം

കൊടകര, മേയ് 5

കൊടകര നിയോജകമണ്ഡലം കേരളാ കോൺഗ്രസ്സ് പ്രവർത്തകരുടെ ഒരു യോഗം കൊടകര ആഫീസ്സിൽവെച്ച് കെ. എ. കട്ടിമോൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേരുകയും ജില്ലാ സെക്രട്ടറി വി. എൽ. ലോനപ്പൻ, ലോനപ്പൻ നമ്പാടൻ, സി. എൽ. സെബാസ്റ്റ്യൻ, കെ. പി. പോളി എന്നിവർ സംസാരിക്കുകയും ചെയ്തു.

സിദ്ധ വൈദ്യാശ്രമവും ചന്ദ്രികാ സോപ്പിന്റെ ഷോറൂമും ഉൽഘാടനംചെയ്തു

(സ്വ. പ്ര.) തൃശ്ശൂർ മെ. 6

തൃശ്ശൂരിൽ പുതിയതായി നിർമ്മിച്ചിരിക്കുന്ന ജയ്ഹിന്ദ് മാർക്കററ് കെട്ടിടത്തിന്റെ ആദ്യത്തെ മുറിയിൽ സിദ്ധവൈദ്യാശ്രമം എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിച്ചിരിക്കുന്നു. തൃശ്ശൂർ മുനി. ചെയർമാൻ സി. സി. ജോർജ്ജ് ഇന്നു രാവിലെ ഇതിന്റെ ഉൽഘാടനകർമ്മം നിർവ്വഹിച്ചു.

ഈ മുറിയിൽത്തന്നെ ചന്ദ്രികാ സോപ്പിന്റെ ഒരു ഷോറൂം ആരംഭിച്ചിട്ടുണ്ട്. ഉൽഘാടനച്ചടങ്ങിൽ സതേൺ ഡിസ്ട്രിബ്യൂട്ടേഴ്സ് മാനേജിംഗ് പാർട്ട്നർ എം. എം. പീതാംബരൻ, സിദ്ധവൈദ്യാശ്രമം ഉടമസ്ഥൻ ടി. കെ. നാരായണൻ വൈദ്യർ തുടങ്ങി ധാരാളം പ്രമുഖ വ്യക്തികൾ പങ്കെടുത്തു.

ലൈബ്രറികളിലേക്കുള്ള ഗ്രന്ഥങ്ങൾ

കേരളത്തിലെ ലൈബ്രറികളുടെ ഉപയോഗത്തിനു തിരഞ്ഞെടുക്കപ്പെടാൻ ഇംഗ്ലീഷിലും, മലയാളത്തിലും തമിഴിലും ഹിന്ദിയിലും, സംസ്കൃതത്തിലും, കന്നഡയിലും ഗ്രന്ഥങ്ങൾ സമർപ്പിക്കുന്ന ഗ്രന്ഥകാരന്മാരും പ്രസാധകന്മാരും ഗ്രന്ഥങ്ങളുടെ നാലു പ്രതികൾ വീതം 30-7-65നകം വിദ്യാഭ്യാസഡയറക്ടർക്ക് കിട്ടത്തക്കവിധം അയച്ചിരിക്കണമെന്ന് ഒരു വിജ്ഞാപനം മുഖേന ഡയറക്ടർ നിർദ്ദേശിച്ചിരിക്കുന്നു.

—o—

തലസ്ഥാനത്തുനിന്നു്

[സ്വ. ലേ] തിരുവനന്തപുരം, മേയ് 5

തിരുവനന്തപുരം ജില്ലാ അഗ്രികൾച്ചറൽ ആഫീസിലെ ടെക്നിക്കൽ അസിസ്റ്റൻറ് ശ്രീ. സി. രാമകൃഷ്ണപിള്ളയെ ചെങ്ങമനാട്ട് ജപ്പാനീസ് ഡെമോൺസ്ട്രേഷൻ ഫാം മാനേജരായി താല്ക്കാലികമായി പ്രമോട്ടുചെയ്തു നിയമിച്ചിരിക്കുന്നു. ജപ്പാനിൽ പരിശീലനത്തിനു നിയോഗിക്കപ്പെട്ടിരിക്കുന്ന ഫാം മാനേജർ ശ്രീ ഏബ്രഹാം ചെറിയാന്റെ ഒഴിവാണ് ഈ നിയമനം.

എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ

തവനൂർ റൂറൽ ഇൻസ്റ്റിററ്യൂട്ട് പ്രിൻസിപ്പൽ ശ്രീ. ആർ. സുന്ദരം അയ്യരെ എറണാകുളത്തു് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറായും അവിടെനിന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. കെ. രാമചന്ദ്രനെ തിരുവനന്തപുരത്തു് ഇൻവെസ്റ്റിഗേഷൻ ഡിവിഷനൽ എക്സിക്യൂട്ടീവ് എഞ്ചിനീയറായും നിയമിച്ചിരിക്കുന്നു.

ജില്ലാ ട്രഷറി ആഫീസർ

റവന്യൂ ഡിപ്പാർട്ടുമെന്റിൽ സ്പെഷ്യൽ തഹസീൽദാരായിരിക്കുന്ന ശ്രീ. ആർ ഗോപിനാഥൻനായരെ ഉദ്യോഗക്കയററം നൽകി കണ്ണൂർ ജില്ലാ ട്രഷറി ആഫീസറായി നിയമിച്ചിരിക്കുന്നു. അസിസ്റ്റൻറ് ട്രഷറി ആഫീസറായി റിവർട്ടുചെയ്തു് എറണാകുളത്ത് നിയമിച്ച ശ്രീ. പി. വി. ജോർജ്ജിന്റെ ഒഴിവിലാണ് ഈ നിയമനം.

ഇൻഡോ-ജാപ്പനീസ് അഗ്രികൾച്ചറൽ ഡമോൺസ്ട്രേഷൻ ഫാം

ചെങ്ങമനാട്ട് വിത്തു് ഉല്പാദനകേന്ദ്രത്തിന്റെ പേരു് ഇൻഡോ-ജാപ്പനീസ് അഗ്രികൾച്ചറൽഡമോൺസ്ട്രേഷൻ ഫാം എന്നാക്കി മാററിക്കൊണ്ട് ഗവൺമെണ്ടു് ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു.

പൊതുയോഗം

പിരിച്ചുവിട്ട മലേറിയാ സർവൈലൻസ് ജീവനക്കാരുടെ സമരകാരണങ്ങൾ വിശദീകരിക്കുന്നതിനു് മേയ് 8-ാംനു ശനിയാഴ്ച വൈകുന്നേരം പഴവങ്ങാടി മൈതാനത്തു് ഒരു പൊതുയോഗം കൂടുന്നതാണ്.

കൈത്തറിനെയ്ത്തു് പരിശീലനം

സേലം കൈത്തറി നെയ്ത്തു പരിശീലനകേന്ദ്രത്തിൽ ജൂലൈ ഒന്നു മുതൽ ആരംഭിക്കുന്ന ത്രിവത്സര ഡിപ്ലോമാ കോഴ്സിനു് കേരളത്തിൽനിന്നും നാലു പേരെ തിരഞ്ഞെടുക്കുന്നതിലേയ്ക്കു് അർഹരായവരിൽനിന്നും അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. അപേക്ഷകർ എസ്. എസ്. എൽ. സി. യോ തത്തുല്യമായ മറേറതെങ്കിലും പരീക്ഷയോ പാസ്സായിരിക്കേണ്ടതാണ്. പരിശീലനകാലത്തു് സ്റ്റൈപ്പൻഡായി പ്രതിമാസം 60 രൂപ ലഭിക്കുന്നതായിരിക്കും. അപേക്ഷകൾ 16-5-65നുമുമ്പ് അതതു ജില്ലാ വ്യവസായ ആഫീസർക്ക് നിശ്ചിത ഫാറത്തിൽ സമർപ്പിച്ചിരിക്കണം. ഇതു സംബന്ധിച്ചുള്ള വിശദവിവരങ്ങളും അപേക്ഷാഫാറത്തിന്റെ മാതൃകയും ജില്ലാ വ്യവസായ ആഫീസർമാരിൽനിന്നും ലഭിക്കുന്നതാണ്.

റിപ്പോർട്ട് പ്രസിദ്ധംചെയ്തു

ആയുർവേദ ചികിത്സാസമ്പ്രദായം അഭിവൃദ്ധിപ്പെടുത്തുന്നതിനെപ്പററി പഠിച്ച് റിപ്പോർട്ടുചെയ്യാൻ നിയുക്തമായിരുന്ന വിദഗ്ദ്ധകമ്മിററി ഗവണ്മെണ്ടിനു സമർപ്പിച്ച റിപ്പോർട്ടും അതിന്മേൽ ഗവണ്മെണ്ടു് കൈക്കൊണ്ട നടപടികളുടെ വിവരവും, കമ്മിററിയുടെ ശുപാർശകളുടെ ഒരു ചുരുങ്ങിയ രൂപവും ഗവർമ്മെണ്ടു് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഈ റിപ്പോർട്ടിന്റെ പ്രതികൾ 2 രൂപ 50 പൈസ നിരക്കിൽ തിരുവനന്തപുരത്തു് ഗവർമ്മെണ്ടു് പ്രസ്സിൽനിന്നും വിലയ്ക്കുകിട്ടുന്നതാണ്.

തിരുവനന്തപുരത്തു് ചില ജോലി ഒഴിവുകൾ

യൂണിവേഴ്സിററി കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സിൽ സെയിൽസ് അററൻഡർമാരുടെയും പ്യൂൺമാരുടെയും ചുരുക്കം ചില ജോലി ഒഴിവുകളിൽ നിയമനത്തിനു് അപേക്ഷ ക്ഷണിച്ചിരിക്കുന്നു. നിയമനവ്യവസ്ഥകൾ സംബന്ധിച്ച് വിശദമായ വിജ്ഞാപനം യൂണിവേഴ്സിററി കോ-ഓപ്പറേററീവ് സ്റ്റോഴ്സ് നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്.

ഇലക്ട്രിസിററി തൊഴിലാളി യോഗം


കേരളാ സ്റ്റേററ് ഇലക്ട്രിസിററി എൻ. എം. ആർ. വർക്കേഴ്സ് യൂണിയൻ തിരുവനന്തപുരം ഡിവിഷന്റെ ഒരടിയന്തിര ജനറൽബാഡിയോഗം മേയ് 9-ാംനു ഞായറാഴ്ച രാവിലെ 10 മണിക്ക് നന്തൻകോട്ടുള്ള യൂണിയനാഫീസിൽ വെച്ചു കൂടുന്നതാണ്.

പി. ഡബ്ളിയു. ഡി. എൻ. എം. ആർ. തൊഴിലാളി യോഗം

തിരുവനന്തപുരം ഡിസ്ട്രിക്ട് പി. ഡബ്ളിയു. ഡി. എൻ. എം. ആർ. യൂണിയന്റെ ഒരു ജനറൽബോഡിയോഗം 8-ാംനു ശനിയാഴ്ച വൈകുന്നേരം 6 മണിക്ക് നന്തൻകോട്ട് യൂണിയനാഫീസിൽവച്ചു് കൂടുന്നതാണ്.

നിങ്ങൾക്കേററവും പററിയ ഒരു ജോലി തിരഞ്ഞെടുക്കാൻ

തക്കതായ ഒരു ജോലി തിരഞ്ഞെടുക്കാൻ ഈ ലഘുലേഖകൾ വായിക്കുക



മഷീൻ ഗ്രൈൻറർ	മെഡിക്കൽ പ്രാക്ടീഷണർ ആൻറു്
മിൽറൈററ്	റേഡിയോഗ്രാഫർ
ലൈൻമാൻ	ഡെൻറൽ സർജൻ
ഇൻേറണൽ കംബസ്ററ്യൻ	ഡെൻറൽ ടെക്കനീഷ്യൻ
എൻജിൻ മെക്കാനിക്ക	ആക്ച്വറി
മെററൽ മില്ലർ	അഗ്രികൾച്ചറൽ എൻജിനിയർ
എയർകണ്ടീഷണിങ്ങ് ആൻറു്	ഹൈവേ എൻജിനിയർ
റെഫ്രിജറേഷൻ മെക്കാനിക്ക	ഇൻറർ സയൻസിന്നു ശേഷം എന്തു്?
ഫോറസ്ററ് റേഞ്ചർ	ബി.എസ്സ്.സി.യ്ക്കു ശേഷം എന്തു്?
സൂവോളജിസ്ററ്	മെർച്ചൻറ് നേവിയിലെ ജോലികൾ
മറൈൻ എൻജിനിയർ	കൃഷിയിലും ബന്ധപ്പെട്ട രംഗങ്ങളിലും
പബ്ലിക് ഹെൽത്തു് എൻജിനിയർ	ഉള്ള ജോലികൾ
എയർ പൈലട്ട്	

ഇവ ഇംഗ്ലീഷിലും ഹിന്ദിയിലും കിട്ടുന്നതാണ്
എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നോ
ഗവർമ്മേണ്ട് പുസ്തകക്കടകളിൽനിന്നോ അവ വാങ്ങാം

ഡയരക്ടറേററ് ജനറൽ ഓഫ്
എംപ്ലോയ്മെൻറ് ആൻറ് ട്രെയിനിംഗ്
ഇന്ത്യാ ഗവർമ്മേണ്ട്

DA 64/665

ചന്ദ്രിക
ഔഷധ സോപ്പ്
സൗന്ദര്യത്തെ
വർദ്ധിപ്പിക്കുകയും,
ചർമ്മരോഗങ്ങളെ
ഇല്ലാതാക്കുകയും
ചെയ്യുന്ന

ഇന്ത്യക്കു് നല്കിയ ഉറപ്പു് അമേരിക്ക പാലിക്കണം

[പി ടി ഐ] ന്യൂഡൽഹി, മേ. 6

ഇന്ത്യക്കെതിരായി ആക്രമണം നടത്തുന്നതിനു് അമേരിക്കൻ ആയുധങ്ങളുപയോഗിക്കുവാൻ പാക്കിസ്ഥാനെ അനുവദിക്കില്ലെന്നു് ഇന്ത്യക്കു് നൽകിയ ഉറപ്പു് അമേരിക്കൻ ഗവണ്മെണ്ടു് നിറവേറ്റാണമെന്നു് ഇവിടെ ചേർന്ന ഒരു പൊതുയോഗത്തിൽ പ്രാസംഗികന്മാർ ആവശ്യപ്പെട്ടു.

കച്ചിലെ കാഞ്ചാർകോട്ടിൽനിന്നും പാക്കിസ്ഥാൻ കഴിഞ്ഞപോക്കന്നുവരെ ഒരു വെടിനിർത്തലും അംഗീകരിച്ചുപോകരുതെന്നും അവർ ഗവണ്മെണ്ടിനോടു് അഭ്യർത്ഥിച്ചു.

ബ്ലിറ്റ്സ് നേഷണൽ ഫോറമാണു് ഈ സമ്മേളനം വിളിച്ചുകൂട്ടിയതു്.

ഏഷ്യയിൽ കമ്യൂണിസം വികസിച്ചുവരുന്നതിനെ തടഞ്ഞുനിർത്തുന്നതിനായി അമേരിക്ക പാക്കിസ്ഥാനു് സൈനികോപകരണങ്ങളും വിതരണം ചെയ്തതിനുശേഷം, ഏഷ്യയിൽ കമ്യൂണിസം വികസിച്ചുവെന്നമാത്രമല്ല,പാക്കിസ്ഥാൻ കൂടി ചൈനയുമായി കൈകോർത്തു കൂടിയിരിക്കുകയാണെന്നു് മുൻ രാജ്യരക്ഷാമന്ത്രി മി. വി. കെ. കൃഷ്ണമേനോൻ പ്രസ്താവിച്ചു.

കമ്യൂണിസത്തെ തടയുന്നതിനുള്ള അമേരിക്കയുടെ ദൌത്യം ഇപ്പോൾ എവിടെയാണു്? ഇന്ത്യക്കെതിരായി അമേരിക്കൻ ആയുധങ്ങൾ ഉപയോഗിക്കുന്നതിൽനിന്നും പാക്കിസ്ഥാനെ തടയുമെന്ന അമേരിക്കയുടെ ഉറപ്പു് എവിടെപ്പോയി എന്നും മി. മേനോൻ ചോദിച്ചു. ചൈനയുമായി ദ്രുഡാലോചന നടത്തി, ഇന്ത്യൻ പ്രദേശത്തു് അമേരിക്കയുടെ കൂട്ടിയായ പാക്കിസ്ഥാൻ ബോംബു വർഷിക്കുകയാണെങ്കിൽ, അക്രമി ഒടിയുന്നതുവരെ, തങ്ങളുടെ പുണ്യഭൂമി രക്ഷിക്കുവാൻ 45 കോടി ഇന്ത്യൻ ജനതയും പടപൊരുതുമെന്നും മി. മേനോൻ പറഞ്ഞു.

ജനാധിപത്യം നശിപ്പിക്കുവാനാണ് ചൈന ഇന്ത്യയെ ആക്രമിച്ചതു്. ഇന്ത്യയുടെ മേന്തരതത്വം നശിപ്പിക്കലാണു് പാക്കിസ്ഥാന്റെ ആവശ്യം. ഇന്ത്യയെ കമ്മ്യൂണിസ്റ്റുനന്നതിനു് പാക്കിസ്ഥാനെ പ്രത്യാശ്യശക്തികളും സഹായിക്കുകയാണെങ്കിൽ ഇന്ത്യ കരിക്കലും അവളുടെ സ്വാതന്ത്ര്യം അടിയറവെയ്ക്കില്ലെന്നു് അവരോടു് പറയേണ്ടതുണ്ടെന്നു് മി. മേനോൻ പറഞ്ഞു. കച്ചു്–സിന്ധു് അതിർത്തി വ്യക്തമായും രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതാണു്. ലോകബാങ്കിന്റെ സമർപ്പിക്കേണ്ട ഒരു തീർത്തിന്റെ പ്രശ്നമായിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. പാക്കിസ്ഥാൻ സൈന്യം പിൻതിരിക്കുകതന്നെ വേണം.

വിശദ സാമ്പത്തിക സഹായത്തെ

Warned fully qualified hands vid in prescribed age limits for ppointment in school under the anagement of Christ King C H. School, Pavaratty, as H S ssts and S Language Pandits 2 athematics, 2 Science, 1 Social tudies–1 Malayalam and 1 Hindi temporary and leave vacancies to the closing date of the school arch '66. Retired qualified achers below 59 years may also ply. Apply within 10 days by gistered post to the Manager ith copies to the D. E. O how that

മണ്ണെണ്ണയ്ക്കും വെളിച്ചെണ്ണയ്ക്കും തീപിടിച്ചവില

[സ്വ. ലേ] പാലക്കാടു് മേ 6

പലക്കാടു് മാർക്കറ്റിൽ മണ്ണെണ്ണയ്ക്കു് ടിന്നിനു് (18 ലിറ്ററിനു്) 12 50 പൈസവരെ പബ്ലിക്കു് മാർക്കറ്റിൽ എത്തിയിരിക്കുന്നു. ഒരു കുപ്പി മണ്ണെണ്ണയ്ക്കു് 50 പൈസവരെ ചെറുകിടക്കച്ചവടക്കാർ ഈടാക്കുന്നുണ്ടു്. കമ്പനികളിൽ ഈ ലേഖകൻ അന്വേഷിച്ചപ്പോൾ മണ്ണെണ്ണയുടെ വിലകൂടിയിട്ടില്ലെന്നും സപ്ലൈ കുറവുകാരണം കുറച്ചു മാത്രമേ സാധാരണവിലയ്ക്കു നല്കുന്നുള്ളുവെന്നുമാണു് അറിയുന്നതു്. കരിഞ്ചന്തക്കാർക്കും കൊള്ളലാക്കോക്കും ഇതൊരു തക്കമായിരിക്കുന്നു. അതാണു് പാലക്കാടു് മാർക്കറ്റിൽ മണ്ണെണ്ണയുടെ വിലകൂടിയതു്. ഇവിടെ വെളിച്ചെണ്ണയ്ക്കു് തീ പിടിച്ച വിലയാണു് ഇപ്പോൾ 1 ലിറ്റർ വെളിച്ചെണ്ണയ്ക്കു് 3 90 പൈസ വരെ ഈടാക്കിയിരിക്കുന്നു. എന്നാൽ 100 തേങ്ങയ്ക്കു് 38 രൂ. വരെമാത്രമേ വിലയുള്ളുതാനും

.....

കേരള സാഹിത്യ സമിതി

പ്രശസ്ത സാഹിത്യകാരന്മാർ സംബന്ധിക്കുന്നു

കോഴിക്കോടു് മെ. 6

സാഹിത്യ സമിതിയുടെ നാലാം വാർഷിക പൊതുയോഗം 1965 മായ 15–ാംതന്നെ കോഴിക്കോടു് രാമകൃഷ്ണമിഷൻ ഹൈസ്കൂളിൽ നടത്തുന്നതാണു്. സമിതി പൊതുയോഗം, മുശായര, അക്ഷരശ്ലോകസദസ്സ പൊതുസമ്മേളനം എന്നിവയ്ക്കു പുറമെ സാഹിത്യകാരന്മാരുടെ ആടവിസത്തെ ഒരു കുമാരും ഇക്കാലത്തെ വർഷികപരിപാടികളിലും ഉൾപ്പെടുന്നു. കുമാരിലെ പഠനവിഷയം നോവൽ ആണു്. കെ. പി. കേശവമേനോൻ, കാരിപ്പുഴ കൃഷ്ണപ്പിള്ള, എൻ. വി. കൃഷ്ണവാരിയർ, കെ. ശ്രീനിവാസൻ, എം. ടി. വാസുദേവൻ നായർ, പ്രൊഫ. ഷെപ്പേർഡ്, സി ആർ. കേരളവർമ, എ. പി. പി. നമ്പൂതിരി, എം. ശ്രീധരമേനോൻ, എൻ. എൻ. കക്കാടു് എം അച്യുതൻ, കെ. പി. ശശിധരൻ, പി. എം. ജ്യേസേ, തായാട്ട ശങ്കരൻ, എം. ആർ. ചന്ദ്രശേഖരൻ, ജോസഫു മുണ്ടശ്ശേരി, കെ. രവിവർമ, എം. എൻ. വിജയൻ, കെ. പി. ശങ്കരൻ, ബഷീർ തകഴി, വിനിയൻ, പൊറ്റെക്കാടു്, ചെറുകാടു്, കെ പി. ആർ. മേനോൻ എന്നീ പ്രശസ്ത സാഹിത്യകാരന്മാർ പങ്കാസമ്മേളനങ്ങളിലും പൊതുസമ്മേളനത്തിലു സംബന്ധിക്കുന്നുണ്ടു്.

—

തൃശൂർ വാർത്തകൾ

[സ്വ. ലേ] തൃശൂർ മേയ് 6

ആയുർവ്വേദ വികസനം

ആയുർവ്വേദ വികസനത്തിനുവേണ്ടി തൃശൂർ ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 62, 259 രൂപാ ചിലവു ചെയ്തുകയുണ്ടായി. അതിൽ 60, 257 രൂപയും ഡിസ്പെൻസറികൾക്കും, ആശുപത്രികൾക്കും വേണ്ടിയാണു് വിനിയോഗിച്ചതു്.

ജവാന്മാരുടെ കുടുംബങ്ങൾക്കു്

അടുക്കളത്തോട്ട കിറ്റുകൾ

തൃശൂർ എസ്സ്. എസ്സ്. ആസ്റ്റ് എ. ബോർഡുവഴിയായി തൃശൂർ ജില്ലയിൽ ജവാന്മാരുടെ കുടുംബങ്ങൾക്കു് 500 അടുക്കളത്തോട്ട കിറ്റുകൾ വിതരണം ചെയ്തുകയുണ്ടായി.

തെങ്ങിൻ തൈ വിതരണം

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ തൃശൂർ ജില്ലയിൽ 1,37,500 തെങ്ങിൻ തൈകളാം കർഷകക്കു് വിതരണം ചെയ്തുകയുണ്ടായി. ഈ തെങ്ങിൻതൈകളും കൃഷിവകുപ്പിന്റെയും ബ്ലോക്കുകളുടേയും നഴ്സറികളിലാണു് ഉല്പാദിപ്പിക്കപ്പെട്ടതു്.

ഇൻഷ്യറൻസ് ഫീൽഡ് എംപ്ലോയീസ് അസോസിയേഷൻ

കേരള ഇൻഷ്യറൻസ് ഫീൽഡ് എംപ്ലോയീസ് അസോസിയേഷൻ തൃശൂർ ശാഖാ വാർഷിക സമ്മേളനം പ്രസിദ്ധൻ പി. ഐപിനിന്റെ അദ്ധ്യക്ഷതയിൽ കൂടി പുതിയ വർഷത്തേ പ്രസിദ്ധനായി ബാവാക്കിഹിയയെ ഐകകണ്ഠ്യേന തിരഞ്ഞെടുത്തിരിക്കുന്നു.

.....

സംയുക്തവാഷികം

ഏനാമാക്കൽ മെയ് 4

ഏനാമാക്കൽ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന ക്ഷേത്രസംഘടനകളുടെ സംയുക്ത വാഷികസമ്മേളനം റവ. ഫാദർ മാത്യു കിടങ്ങൻ അദ്ധ്യക്ഷതയിൽ പള്ളിയങ്കണത്തിൽ വെച്ചു് ചേരുകയുണ്ടായി. വിവിധ കലാപരിപാടികളും യോഗാനന്തരം 'കെടാവിളക്കു്' എന്ന നാടകവും ഉണ്ടായിരുന്നു.

(സ്വ. ലേ)

കരിമരുന്നു് പ്രയോഗത്തിൽ മൂന്നുപേക്കു് പരുക്കുപറ്റി

മൂക്കനാടു്, മേ. 5

കരുവന്നൂർ വെട്ടുകുന്നുക്കാവു് ഭഗവതിക്ഷേത്രത്തിലെ ഭരണിയാഘോഷം ഞായറാഴ്ച നടന്നിരിക്കുന്നു. കരിമരുന്നു പ്രയോഗത്തിൽ 3 സ്ത്രീകൾക്കു് പരുക്കുകളും പറ്റിക്കുകയുണ്ടായി.

—0—

മാന്യരെ,

ജയാ ബേക്കറിയുടെ ബ്രാഞ്ചു് ചെട്ടിയങ്ങാടിയിൽനിന്നു് മാറി തൃശൂർ പഴയ ബസ്സ്റ്റാൻറിനു മുൻവശമുള്ള മുൻസിപ്പാലിറ്റിവക പുതിയ കെട്ടിടത്തിൽ 4–ാംനമ്പർ മുറിയിൽ ഇന്നുമുതൽ "ജയാ സ്പീഡ്സ് പാലസ്" എന്ന പേരിൽ തുറന്നു പ്രവർത്തനം തുടങ്ങുന്ന സന്തോഷവാർത്ത അറിയിക്കുന്നതോടൊപ്പം ജയാ ബേക്കറിയുടെ വളർച്ചയ്ക്കുവേണ്ടി നാളിതുവരെ സഹായിച്ച എല്ലാ മാന്യ സുഹൃത്തുക്കളോടും നന്ദി രേഖപ്പെടുത്തുകയും മേലിലും അഭ്യുകാരമുള്ള എല്ലാ സഹായസഹകരണങ്ങളും അഭ്യർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

തൃശൂർ, എന്നു്, പ്രൊപ്രൈറ്റർ
7–5–'65. എം. കെ. കമാരൻ

N B:– ടീപാർട്ടികൾക്കു് എല്ലാവിധ സ്പീഡ്സുകളും വെജിറബിൾ കട്ലറ്റും, വെജിറബിൾ പഫ്സ്, പഫ്സ് മുതലായവ വിശിഷ്ടമായ മേൽനോട്ടത്തിൽ ഉണ്ടാക്കി എല്ലാ ഉപകരണങ്ങളും എടുത്തു് ടീപാർട്ടികൾ നടത്തിക്കൊടുക്കുന്നതാണു് എന്നുള്ള വിവരം ഇതിനാൽ എല്ലാവരേയും സ്നേഹപൂർവ്വം അറിയിച്ചുകൊള്ളുന്നു.

Telegram: "PARROT" Phone Nos { Res & Mill: 316 Shop 995 P P.


LAKSHMI OIL MILL
(Prop M SUNDARAM CHE TIAR)
PUNKUNNAM — TRICHUR-2.

തൃക്കറും പശുക്കറുംമെന്ന വിശിഷ്ടസ്ഥാനാൽ തയ്യാർചെയ്യപ്പെടുന്ന

പരിശുദ്ധമായ

"തത്തമാക്കു"

നല്ലെണ്ണ



കരഞ്ഞവിലക്കു് വിൽപ്പന നടത്തിവരുന്നു. പൊതുജനസഹകരണയാചനം

½ ടിൻ (4 Kg.) ¼ ടിൻ (2 Kg.) 2 നാഴി (640 ML.) 1 നാഴി (350 ML) എന്നീ വിവിധ വലിപ്പത്തിൽ സീൽ ചെയ്തിട്ടുള്ളതു്.

പുന്നയുള്ള മില്ലിലും പുത്തൻപള്ളി ബോഡിലുള്ള ഡിപ്പോ വിൽനിന്നും മൊത്തമായും ചില്ലറയായും ലഭിക്കുന്നതാണു്.

N B. സന്ദർശിക്കുക. തൃശൂർ എക്സിബിഷൻ സ്റ്റാൾ നമ്പർ 66.

നാഗാ സംഭാഷണം

ശത്രുനാഗന്മാർക്കു് ഫിസോവുമായി ചർച്ച ചെയ്യണം

[പി. ടി. ഐ] മൊകോക്ക വുങ്ങു്, മേയ് 6

വീണ്ടും സമാധാനസംഭാഷണം നടത്തുന്നതിന്റെ അടിസ്ഥാനമെന്ന നിലയിലുള്ള പീസ് മിഷന്റെ നിർദ്ദേശങ്ങൾ തങ്ങൾ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നതുസംബന്ധിച്ചു് അവസാനമായി തീരുമാനിക്കുവാൻ ലണ്ടനിൽ കഴിയുന്ന മി. ഇസാറു്. ഫിസോവുമായി തങ്ങൾക്കു് ചർച്ച ചെയ്യേണ്ടതുണ്ടെന്നു് ശത്രുനാഗാദേശീയസംഘംവീണ്ടും ആവർത്തിച്ചിരിക്കുന്നു.

ഇന്നലെ രാവിലെ 2–മണിമുതൽ നേരം സമ്മേളിച്ചുശേഷം രണ്ടു ദിവസമായി ഗവണ്മെണ്ടു് പ്രതിനിധി സംഘവും ശത്രുനാഗന്മാരും തമ്മിൽ നടന്നിരുന്ന സമാധാന സമ്മേളനം സമാപിച്ചു.

അടുത്ത യോഗത്തിന്റെ സ്ഥലവും തീയതിയും ഇന്നുതീരുമാനിച്ചിട്ടില്ല. വീണ്ടുവിചാരിച്ചു വെടിനിർത്തൽ കാലാവധി ഇന്നു അവസാനിക്കും. ജൂലായു് 15–നതിയ നീക്കമുമ്പു് ഇരുസംഘങ്ങളും വീണ്ടും സമ്മേളിക്കുമെന്നും വിശ്വസിക്കപ്പെടുന്നു.

പീസ് മിഷനർ വേഷൻ കമ്മറിയുടെ പ്രവർത്തനങ്ങളുടെപ്പറ്റിയുള്ള കാര്യങ്ങളെപ്പറ്റിയുള്ള ഇരുഭാഗത്തുസംഘങ്ങളുടെ അഭിപ്രായ വിനിമയം നടത്തുകയുണ്ടായെന്നു് ഒരു കോൺഫറൻസു് വൃത്തം പറഞ്ഞു. വെടിനിർത്തൽ കരാറിൽഉണ്ടായെന്നു് ആരോപിക്കപ്പെട്ടിട്ടുള്ള എതാനും ലംഘനങ്ങളെപ്പറ്റിയും സമ്മേളനം പരിഗണിക്കുകയുണ്ടായി.

ഇന്ത്യൻ യൂണിയനിലെ ഒരു ഭാഗമെന്നതിനെ ആദിസ്ഥാനത്തിൽ നാഗാപ്രശ്നത്തിനു് പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള പീസ് മിഷനെ നിർദ്ദേശങ്ങൾക്കു് ശത്രുനാഗാനേതാക്കന്മാർ, ഇയുവരെയായും അവസാനമായി നല്കിക്കഴിഞ്ഞിട്ടില്ല

....

തലസ്ഥാനനഗരിയിൽ ദേശീയ നേതാക്കളുടെ പ്രതിമകൾ സ്ഥാപിക്കുന്നു

(പി ടി ഐ) ന്യൂഡൽഹി, മേ

തലസ്ഥാനനഗരിയിൽ മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, നേതാജി, പണ്ഡിറ്റ് മദൻമോഹൻ മാളവ്യ ഡോ: രാജേന്ദ്രപ്രസാദ് എന്നിവരുടെ പ്രതിമകൾ സ്ഥാപിക്കുന്നതിനെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ ഇന്ത്യാ ഗവണ്മെണ്ടു് പരിഗണിച്ചുവരികയാണെന്നു് മന്ത്രി ഡി സി, ശർമ്മ ഇന്നു് ലോകസഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

ലോക്സഭാ പത്രാധിപരുടേയും ഗവണ്മെണ്ടുദ്യോഗസ്ഥന്മാരുടേയും പ്രതികൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം നിശ്ചയിച്ചിട്ടില്ലെന്നും മന്ത്രി പറഞ്ഞു.

രഹസ്യ സമ്മേളനത്തിനെതിരെ കൊടുങ്കാറ്റു്

ഇന്ത്യൻ ഭരണനേതൃത്വം പ്രതിപക്ഷത്തിന്റെ മുമ്പിൽ മുട്ടുമടക്കി നിന്നു

ന്യൂഡൽഹി, മേയ് 6

പാക്കിസ്ഥാന്റെ അതിർത്തിയേറ്റ തെത്തുടർന്നുണ്ടായ റാൺ ഓഫ് കച്ചിലെ ഉറന്ന യുദ്ധവും അതിന്റെ പ്രതിധ്വനിയുമായിരുന്ന ലോകസഭയിൽ കഴിഞ്ഞയാഴ്ച ഏറെ പുകിലുകൾക്കു മുഴങ്ങിക്കേട്ടതു്. കച്ചു് അതിർത്തിയിലെ സംഭവഗതികളുടെ ഗുരുതരാവസ്ഥയിൽ മറവു പ്രശ്നങ്ങളെല്ലാം നിഷ്പ്രഭമായിപ്പോവുകയുണ്ടായി.

പാക്കിസ്ഥാൻ ഇന്ത്യയുടെ മേൽ വൻതോതിലുള്ള ഒരാക്രമണം അഴിച്ചുവിടുവെന്നും 35000 ചതുരശ്ര മൈലോളം സ്ഥലത്തിന്മേൽ അവകാശം പുറപ്പെടുവിച്ചിരിക്കുന്നുവെന്നും, അമേരിക്കൻ ടാങ്കുകളും ഇന്ത്യയ്ക്കെതിരായി ഉപയോഗിച്ചുവെന്നും ഗവർമ്മെൻറ് പാർലിമെൻറിനെ അറിയിച്ചു.

ഇന്ത്യയുടെ ഭാഗത്തുനിന്നും എടുത്ത നടപടികളിൽ പ്രധാനമായി പൂങ്ങിക്കാണിച്ചവ, യു. എൻ. തലത്തിൽ പാക്കിസ്ഥാന്റെ അവകാശവാദങ്ങളെ പൊള്ളയാണെന്നു കാണിച്ചതും, അമേരിക്കനായുധങ്ങളെ ഇന്ത്യയ്ക്കെതിരായി ഉപയോഗിച്ചതിലുള്ള ശക്തിയായ പ്രതിഷേധം അമേരിക്കയെ അറിയിച്ചതുമായിരുന്നു. സമരമുഖത്തു് ഇന്ത്യാ ഏപ്രിൽ 9–നും 29–നും ഇടയ്ക്കു് തന്ത്രപ്രധാനമായ രണ്ടു പിന്മാറ്റങ്ങളും നടത്തുകയുണ്ടായി. ഇന്ത്യൻ ഭാഗത്തെ ആളപായം മൊത്തം 83 മാത്രമായിരുന്നു. ഏകദേശം ഇതിന്റെ നാലിരട്ടിയാണു് പാക്കിസ്ഥാൻ അവകാശപ്പെട്ടിരിക്കുന്നതു്.

ഗവണ്മെണ്ടിന്റെ അനാസ്ഥ

ബുധനാഴ്ച നടന്ന സുദീർഘമായ ചർച്ചകളും മൂടപിടിച്ച പ്രസംഗങ്ങളും, ഉന്നതാൽശങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളും, ഐക്യത്തിനുവേണ്ടിയുള്ള അഭ്യർത്ഥനകളും കൊണ്ടു് മുഖരിതമായിരുന്നുകിലും രാഷ്ട്രത്തിന്റെ ഏറ്റവുസ്ഫുടനങ്ങളായ അവകിടയിലൂടെ പ്രതിധ്വനിച്ച കേൾക്കാമായിരുന്ന. കച്ചു് അതിർത്തിയിലെ പാകിസ്ഥാന്റെ മുന്നേറ്റത്തെക്കുറിച്ചു സഭയെ അറിയിക്കുന്നതിലുള്ള ഗവണ്മെണ്ടിന്റെ കൃത്യവിലോപം അതിര രണ്ടു ദിവസം മുമ്പുള്ള ചർച്ചകളിൽ മുഴങ്ങിക്കേട്ടിരുന്നു. യഥാവസരം തയ്യാറാകുന്നതിലുള്ള ഗവണ്മെണ്ടിന്റെ അനാസ്ഥയും ചില്ലറ പരാജയങ്ങളും പാർലിമെൻറിനെ ചൊടിപ്പിച്ചുകുതന്നെ ചെയ്തു.

ഗവണ്മെണ്ടു് മനസ്സില്ലാ മനസ്സോടെ വിശദമായ ഒരു ചർച്ചക്കു് സമ്മതിക്കേണ്ടിവന്നുവെന്നു് പറഞ്ഞാൽ അതുയർത്തിക്കും ശരി. 11 പ്രതിപക്ഷ മെമ്പർമാരൊപ്പിട്ട ഒരു അഡ്ജോൺമെൻറ് പ്രമേയവും 32 പേരൊപ്പിട്ട ഒരു ശ്രദ്ധക്ഷണികങ്ങൾ പ്രമേയവും ചർച്ചയ്ക്കു് കൈപ്പറ്റുകൂടി. കച്ചു് അതിർത്തിയിലെ പാക്കു് ആക്രമണത്തിന്റെ ഫലമായുണ്ടായ സ്ഥിതിഗതികളുമായിരുന്ന മുഖ്യമായ പ്രതിപാദ്യവിഷയം.

സ്പീക്കർ അനേകം നോട്ടീസുകളും ലഭിച്ചിട്ടുള്ളതിൽ വച്ചു് ഏറ്റവും പ്രധാനമെന്നുള്ള സ്ഥാനം നിർദ്ദേശത്തെ പരിഗണിച്ചുതിരേ ധമന്ത്രി ഒരു പ്രസ്താവന ചെയ്യണം പ്രതിപക്ഷത്തിന്റെ ശക്തിയായ അഭ്യർത്ഥനയെ പരിഗണിച്ചു് ഒരു പൊതുപ്രസ്താവനയായി അവസാനമായി ഒരു കൊട്ടുകാറു്

ഒരു രഹസ്യസമ്മേളനം നടത്തണമെന്ന സ്പീക്കറുടെ നിർദ്ദേശത്തെക്കുറിച്ചുണ്ടായ വാദപ്രതിവാദങ്ങളും തികച്ചും രസപ്രദമായിരുന്നു. ഗവണ്മെൻമെന്റിന്റെ തീരുമാനത്തിൽ പിഴവു കൂടിയാലോചനകൾ നടത്തിയശേഷം, ഒരു രഹസ്യസമ്മേളനത്തിനു് സഭ അനുകൂലമാണെന്ന നിഗമനത്തിൽ അദ്ദേഹം എത്തിച്ചേർന്നു 'നമുക്കു് ഒരു രഹസ്യസമ്മേളനം കൂടേണ്ടിയിരിക്കുന്നു. എപ്പോഴാണതു്', എന്നു് അദ്ദേഹം സഭയോടു് ചോദിച്ചു. രഹസ്യസമ്മേളനത്തിനു് ഞങ്ങളെല്ലാം അനുകൂലമാണു് എന്നു് പാർലിമെൻകാര്യമന്ത്രി പണ്ഡിത് ഗുപന്തു പറയുകയും ചെയ്തു. സഭയുടെ നാനാഭാഗത്തുനിന്നും പെട്ടെന്നുണ്ടായ ചോദ്യങ്ങളുടെ സ്പീക്കർ അനുവദിച്ചില്ല. ശ്രീ ഹേമി ഡഭായ്കൊണ്ടുള്ള സംസാരിപ്പിക്കുകയും ചെയ്തുകയുണ്ടായില്ല. ഞങ്ങൾക്കു സ്വന്തമല്ല, എന്നു മാത്രം കഷ്ടിച്ചു പറയാനേ അദ്ദേഹത്തിനു കഴിഞ്ഞുള്ളൂ.

ശ്രീ പി. കെ. ഡിയോ, സർദാർ കപൂർസിംഗ് എന്നു സ്വതന്ത്രാപാർട്ടിനേതാക്കന്മാരാണു് സഭയെയുത്തരമൊരുപകടത്തിൽനിന്നും രക്ഷിച്ചതു്. രഹസ്യസമ്മേളനം കൂടുന്നതു സഭ തികച്ചു സംഭരായിരിക്കുന്ന പ്രതീതി ഉളവാക്കുവാൻ വഴിതെളിക്കുമെന്നും ആവശ്യമില്ലാത്ത ഊഹാപോഹങ്ങൾക്കും സംശയം ലോകമധ്യത്തിലുളവാകുമെന്നും അവർ ശക്തിയായി വാദിച്ച പാർലിമെന്റിന്റെ അനസ്സിനെപ്പോലും ബാധിക്കുന്ന ഒരു പ്രശ്നമായിത്തീരുമെന്നും അഭിപ്രായപ്പെട്ടു. രഹസ്യസമ്മേളനം എന്ന ആശയം അതോടെ കഴിച്ചുമൂടപ്പെടുകയും ചെയ്തു

(യു. പി. എസ്)

ജില്ലയിലെ തൊഴിൽ ക്ഷേമപ്രവർത്തനങ്ങൾക്കു് 3,19,819 രൂപാ വിലവഴിച്ചു

തൃശൂർ മെ. 6

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ തൃശൂർ ജില്ലയിൽ പ്രതിശീർഷ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി 3,19,819 രൂപാ ചിലവഴിക്കുകയുണ്ടായി. അതിൽ 2,08775 രൂപയും ക്രാഫ്റ്റ്സ്മാൻ ട്രെയിനിങ്ങ് സ്കീമിനുവേണ്ടിയാണു് ചിലവഴിച്ചതു്. എപ്രേയിസ് സ്റ്റോറ് ഇൻഷ്വറൻസ് പദ്ധതിയ്ക്കു 97,378 രൂപയും തൊഴിൽ സംബന്ധമായ മറ്റു നിർദ്ദേശപരിപാടിയ്ക്കു 7617 രൂപയും ചിലവഴിച്ചു. തൊഴിൽ സേവനസൗകര്യത്തിനുവേണ്ടി 6054 രൂപയും ചിലവായി.

—

പാലക്കാടു് വാർത്തകൾ

[സ്വ. ലേ] മേയ് 6

പഞ്ചസാരവിതരണം

1965 ഏപ്രിൽ മേയ് മാസങ്ങളിലേക്കു് പാലക്കാടു് ജില്ലക്കു് അനുവദിച്ചിട്ടുള്ള 6000 പാക്കു് പഞ്ചസാര പാലക്കാടു്, ചിറ്റൂർ, ആലത്തൂർ, കറ്റപ്പാലം, പെരിന്തൽമണ്ണ, പൊന്നാനി എന്നീ താലൂക്കകാടുക്കു് യഥാക്രമം 1300, 830, 910, 1000, 910, 1050 പാക്കു വീതം വിതരണത്തിനായി ജില്ലാ കലക്ടർ അനുവദിച്ചിരിക്കുന്നു.

പറളിയിൽ എൻ. സി. സി. ക്യാമ്പു്

കേരള എഞ്ചിനീയർ റജിമെൻറിന്റെ കീഴിലുള്ള പത്തു സ്കൂളുകളുടെ എൻ. സി. സി. ജൂനിയർ ഡിവിഷൻ ക്യാമ്പു് പറളി ഹൈസ്കൂളിൽ ആരംഭിച്ചിരിക്കുന്നു. മേജർ കെ. എം മേനോനാണു് ക്യാമ്പു് കമാണ്ടൻറ്. 10 ദിവസത്തക്കുള്ള ഈ ക്യാമ്പിൽ നാനൂറോളം കാഡറ്റുകളും, ക്വമ്പനി എൻ. സി.സി ഓഫീസർമാരും പങ്കെടുക്കുന്നുണ്ടു്. ആയുധപരിശീലനം ഫീൽഡ് ക്രാഫ്ട്, മാപ്പ് റീഡിംഗ്, യൂണിഫോമിഫിക്കേഷൻ എന്നിവയാണു് പ്രധാനമായി പഠിപ്പിക്കുന്നതു്. ക്യാമ്പു് സംബന്ധിച്ചു് അച്ചടക്കത്തിലും പെരുമാറ്റത്തിലും വേഷസംന്യായത്തിലും നിഷ്കർഷ പാലിക്കുന്നുണ്ടെന്നു് കാഡറ്റുകൾക്കു്, ആവേശവും പ്രോത്സാഹനവും നൽകുവൻ ക്യാമ്പു് കമാണ്ടൻറ് നാട്ടുകാരോടും രക്ഷിതാക്കളോടും അഭ്യർത്ഥിക്കുന്നു.

ആലപ്പുഴ വാർത്തകൾ

[സ്വ പ്ര] മേയ് 6

ഭരണിക്കാവു് വികസനബ്ലോക്കിൽ തീയിൽപെട്ട വിവിധ സംഭവങ്ങളിൽ 25 സൻറവീതം വിസ്തീർണ്ണമുള്ള 100 മുതൽ നെൽകൃഷിത്തേ ഉള്ളടം വെച്ചു പിടിപ്പിക്കുന്നതിനായി പ്രോത്സാഹനം 25 രൂപാവീതം സഹായധനം നൽകുന്നതിനുള്ള ഒരു പദ്ധതിക്കു് ബി. ഡി. ഒ. അനുമതിനൽകിയിരിക്കുന്നു.

മാവേലിക്കര ബ്ലോക്കു് വികസനസമിതി

മാവേലിക്കര ബ്ലോക്കു് വികസനസമിതിയുടെ അടുത്ത യോഗം മേയ് 13–ാംതീയതി ഉച്ചതിരിഞ്ഞു് 3 മണിക്കു് ബ്ലോക്കു് ഹെഡ്കാർട്ടേഴ്സിൽ വെച്ചു് ചേരുന്നതായിരിക്കുമെന്നു് ബി. ഡി. ഒ. അറിയിക്കുന്നു. 1965–66 സാമ്പത്തികവർഷത്തിൽ നടപ്പാക്കുന്നതിനുള്ള വിവിധ പദ്ധതികളും ചച്ചചെയ്യുന്നതിനുവേണ്ടിയാണു് യോഗം വിളിച്ചുകൂട്ടുന്നതു്.

സ്റ്റോറേജു് അഡൈസർ

കേന്ദ്ര വെയർ ഹൌസിംഗ് കോർപ്പറേഷൻറെ സ്റ്റോറേജു് അഡൈസർ ശ്രീ. പി. എം. തോമസ്സു് ഇന്നു് (മേയ് 5–ാംനു) കൊച്ചിയിൽ എത്തിയിരിക്കുന്നു. മേയ് 8–ാംനു–വരെ അദ്ദേഹം കേരളത്തിലുണ്ടായിരിക്കും. ഈ സന്ദർശനത്തിൽ അദ്ദേഹം കൊച്ചി, ആലപ്പുഴ, കൊല്ലം എന്നിവിടങ്ങളിലെ കേന്ദ്ര വെയർ ഹൌസുകളും പരിശോധിക്കുന്നതും തിരുവനന്തപുരത്തുവച്ചു് സിവിൽ സപ്ലൈസു് വകുപ്പിലെയും ഫുഡ് കോർപ്പറേഷനിലെയും ഉദ്യോഗസ്ഥന്മാരുമായി കേരളത്തിലെ ഭക്ഷ്യധാന്യങ്ങളുടെ സംഭരണം സംബന്ധിച്ച കാര്യങ്ങളെപ്പറ്റി ചർച്ചചെയ്യുന്നതുമാണു്

യും ചിലവഴിച്ചു. തൊഴിൽ സേവനസൗകര്യത്തിനുവേണ്ടി പരിധി വർദ്ധിപ്പിക്കുന്നതിനുവേണ്ടി 6054 രൂപയും ചിലവായി.

—

Printed and Published by Paul Valappila for the A. C. P Institute at the Thozhilali Press Trichur.

അഞ്ചു് നാടകാചാര്യന്മാർക്കും നവരംഗിന്റെ അവാർഡുകൾ

മെയ് 13–ാംതീയതി കോട്ടയത്തുവച്ചു നൽകുന്നു

കോട്ടയം, മേ. 5

അരശതാബ്ദക്കാലം പ്രശസ്ത സേവനം അനുഷ്ഠിച്ചു് മലയാള നാടകവേദിയെ സമ്പന്നമാക്കിയ സ്വപ്നശ്രീ കെ. വി നീലകണ്ഠൻനായർ, ആർട്ടിസ്റ്റു് പി. ജെ. ചെറിയാൻ, സെബാസ്റ്റ്യൻ കഞ്ഞുകുഞ്ഞെഭാഗവതർ, മുതുകുളം രാഘവൻപിള്ള, സ്വാമി ബ്രഹ്മവ്രതൻ എന്